പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ:61 — 1.7.2010-ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കർമ്മപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.എം.എം.മോനായി<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.ബി.രാഘവൻ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച കർമ്മപദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>➢ സ്ഥാപനങ്ങളുടെ നവീകരണത്തിന്റെയും, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിന്റെയും ഭാഗമായി പ്രവർത്തന മാന്ദ്യം നേരിട്ടിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ അവയുടെ സുസ്ഥിരമായ ഭാവി ഉറപ്പിൽ വരുത്തുന്നതിലേയ്ക്കായും അവരുടെ തന്നെ പ്രവർത്തന മേഖലയിൽ കഴിവു തെളിയിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിലേർപ്പെടുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്<br>➢ പൂട്ടിക്കിടക്കുന്നവയിൽ പുനരുദ്ധാരണത്തിന് സാധ്യമായവ തെരഞ്ഞെടുത്ത് പുനരുദ്ധരിക്കുക. |

- വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമർത്ഥരായ ചീഫ് എക്സിക്യൂട്ടീവ്മാരെ സുതാര്യമായ നടപടിക്രമങ്ങളിലൂടെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ സമർത്ഥരായവരെ ലഭിക്കുന്നതിനായി പൊതുമേഖലാസ്ഥാപനങ്ങളുടെ മേധാവികളുടെ ശമ്പളം കാറ്റഗറി അനുസരിച്ച് വർദ്ധിപ്പിക്കുവാനുള്ള ഉത്തരവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.
- വ്യവസായവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം വ്യവസായ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടത്തിവരുന്നു. ഓരോ മാസവും നടത്തുന്ന പ്രവർത്തന അവലോകനത്തിൽ കഴിഞ്ഞമാസം കൈവരിച്ച ഉൽപാദനക്ഷമതയും പരിശോധിച്ച് കുറവുണ്ടെങ്കിൽ പരിഹാരിക്കുന്നതിനാവശ്യമായ മാർഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.
- വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- ഓരോ വർഷത്തേയും പ്രവർത്തനം സംബന്ധിച്ച് ബജറ്റും പദ്ധതിയും നേരത്തെ തയ്യാറാക്കുന്നു. അത് കൈവരിക്കുന്നതിന്റെ പുരോഗതി മാസാമാസം അവലോകനം

നടത്തുകയും ചെയ്യുന്നു.

- ഉൽപ്പാദനക്ഷമതയും, ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി കരാറുണ്ടാക്കുവാൻ മാനേജ്മെൻറ് തലത്തിൽ നടപടികൾ സ്വീകരിച്ചു.
- കമ്പനികളിലെ ഇൻേറണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനു വേണ്ടി RIAB മുഖേന ചാർട്ടേർഡ് അക്കൌണ്ടൻറ്സിൻെറ ഒരു പാനൽ തയ്യാറാക്കി അംഗീകരിക്കുകയും സ്ഥാപനങ്ങളോട് ഈ പാനലിൽ നിന്നു മാത്രമേ ഇൻേറണൽ ഓഡിറ്റേഴ്സിനെ നിയമിക്കാവൂയെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. കുടിശ്ശിക അക്കൗണ്ട്സ് തീർക്കാൻ നടപടി സ്വീകരിച്ചു. കൺട്രോളർ ആൻറ് ആഡിറ്റർ ജനറലുമായി സഹകരിച്ച് സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് കുടിശ്ശിക ഒന്നായി തീർക്കാൻ നടപടികൾ സ്വീകരിച്ചു.
- നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപണന സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും സ്വീകരിച്ചുവരുന്നു.

ഈ വർഷം 125 കോടി രൂപ മുതൽ മുടക്കിൽ 8 പൊതുമേഖലാസ്ഥാപനങ്ങൾ പുതുതായി സ്ഥാപിക്കുന്നതാണ്. ഇവയിൽ ചിലത് ഒറ്റവർഷംകൊണ്ട് കമ്മീഷൻ ചെയ്യണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്.

(ബി) തൽഫലമായി എത്ര കമ്പനികളുടെ പ്രവർത്തനം ലാഭകരമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) 2006-07-ൽ 24 കമ്പനികളും 2007-08-ൽ 27 കമ്പനികളും, 2008-09-ൽ 28 കമ്പനികളും, 2009-10-ൽ 32 കമ്പനികളും ലാഭകരമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഇപ്പോൾ എത്ര കമ്പനികളാണ് ലാഭകരമായി പ്രവർത്തിക്കുന്നത്;

(സി) 2009-10 സാമ്പത്തിക വർഷത്തിൽ 32 പൊതുമേഖലാസ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) കമ്പനികളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും ഉൽപ്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുമായി പ്രവർത്തനമൂലധനസഹായം നൽകുക, യഥാസമയം മെഷീനുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക, absenteeism കുറയ്ക്കുക, MIS സംവിധാനം ശക്തിപ്പെടുത്തുക തുടങ്ങിയ നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഉൽപാദനവർദ്ധനവിന് incentive നൽകുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

ചരക്കുവാങ്ങൽ ചട്ടങ്ങൾ ഇല്ലാത്ത സ്ഥാപനങ്ങളിൽ അതു നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഇ) നവീകരണ വിപുലീകരണ പരിപാടികൾ എത്ര കമ്പനികളിൽ നടപ്പാക്കി; ഇതിനായി ഇതുവരെ എത്ര കോടിരൂപ ചെലവായി എന്ന് വ്യക്തമാക്കുമോ?

ഇ) സമഗ്രമായ ആധുനിക വത്കരണവും നവീകരണവും ഉൾപ്പെടെയുള്ള പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കിവരുന്ന പ്രധാന സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

- Kerala State Textile Corporation Ltd - 22.11 കോടി രൂപയുടെ മുതൽ മുടക്കിൽ KSTC വിപുലമായ നവീകരണ പദ്ധതികൾ നടപ്പിലാക്കി. ഇതിൽ 10.30 കോടി രൂപ സർക്കാർ ധനസഹായവും 11.82 കോടി രൂപ ബാങ്ക് ലോണുമാണ്.

➤ Kerala State Drugs & Pharmaceuticals Ltd - KSDP യിൽ GMP and modernization പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിൻെറ ഒന്നാം ഘട്ടത്തിനു വേണ്ടി സർക്കാർ 7 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്.

➤ Kerala State Bamboo Corporation Ltd - നിലത്തുപാകാൻ സാധിക്കുന്ന മുളയുടെ ഒരു ഉത്പന്നം (Flooring Tiles) കേന്ദ്ര സഹായത്തോടുകൂടി സ്ഥാപിക്കുന്നതിനുള്ള 12 കോടി രൂപയുടെ ഒരു പദ്ധതി ആവിഷ്ക്കരിച്ചുവരുന്നു.

➤ The Metal Industries Ltd - കമ്പനിയുടെ പുനരുദ്ധാരണത്തിനും മെഷീനുകൾ മാറ്റി സ്ഥാപിക്കുന്നതിനും വേണ്ടി 119 ലക്ഷം രൂപ സർക്കാർ ധനസയായത്തോടുകൂടി ഒരു പദ്ധതി നടപ്പിലാക്കി വരുന്നു.

➤ Steel & Industrial Forgings Ltd – 10.38 കോടി രൂപ മുതൽമുടക്കിൽ ഒരു നവീകരണ / വിപുലീകരണം പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിൽ 1.32 കോടി രൂപ സർക്കാരിൽ നിന്ന് ഓഹരിയായി നൽകിയിട്ടുണ്ട്. VSSC യുടെ സഹായവും ഈ പദ്ധതിക്ക് ഉണ്ട്.

➤ Kerala Minerals & Metals Ltd - നിർമ്മാണ ചിലവ് കുറക്കുന്നതിനായി Valuable Mineral Separation, Synthetic Rutile Capacity Augumentation എന്നീ പദ്ധതികൾ 100 കോടി രൂപ ചെലവിൽ ആവിഷ്ക്കരിച്ചു വരുന്നു.

➤ Keltron Electro Ceramics Ltd - Transducer നിർമ്മാണത്തിനു വേണ്ടി 57 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കികഴിഞ്ഞു. ഇതിൻെറ തുടർച്ചയായി 47 ലക്ഷം രൂപയുടെ നവീകരണപദ്ധതിയും നടപ്പിലാക്കി വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പൂട്ടിക്കിടന്നവയിൽ പുനരുദ്ധാരണത്തിന് സാധ്യമായവ തെരഞ്ഞെടുത്ത് പുനരുദ്ധരിക്കാൻ തീരുമാനിച്ചു.

- ഉന്നത സാങ്കേതിക നിലവാരമുള്ള യന്ത്രങ്ങൾ സ്ഥാപിച്ച് KSTCയുടെ അധീനതയിലുള്ള Malabar Spinning & Weaving Mills ന്റെ നവീകരിച്ച മില്ലിൽ നവമ്പർ 2009 ൽ ഉൽപ്പാദനം പുനരാരംഭിച്ചു.
മൂന്നാംഘട്ടനവീകരണപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

- Kerala Soaps & Oils Ltd യിലെ സൗകര്യങ്ങൾ ഉപയോഗിച്ച് Kerala Soaps എന്ന പേരിൽ ഒരു സോപ്പ് നിർമ്മാണ യൂണിറ്റ് KSIE-യുടെ അധീനതയിൽ ആരംഭിച്ചു. ഉൽപാദന പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.
- വർഷങ്ങളായി പൂട്ടിക്കിടന്നിരുന്ന Trivandrum Spinning Mills Ltd ലെ സൗകര്യങ്ങൾ ഉപയോഗിച്ച് open end spinning Mill KSTC-യുടെ ചുമതലയിൽ 629 ലക്ഷം രൂപ മുതൽമുടക്കിൽ ആരംഭിച്ചു. ഇവിടെ സെപ്റ്റംബർ 2009 മുതൽ ഉൽപ്പാദനപ്രവർത്തനങ്ങൾ ആരംഭിക്കുകയും ആദ്യത്തെ വർഷം തന്നെ ലാഭമുണ്ടാക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ

2009-10 സാമ്പത്തിക വർഷത്തിൽ 32 പൊതുമേഖലാസ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl.No. | Company | Profit /Loss (Provisional) |
|---|---|---|
| 1 | The Kerala Minerals and Metals Ltd | 9010.00 |
| 2 | Malabar Cements Ltd | 3105 91 |
| 3 | Kerala State Industrial Development Corporation Ltd | 2450.00 |
| 4 | Transformers and Electricals Kerala Ltd | 2311.00 |
| 5 | Travancore Titanium Products Ltd | 2121.04 |
| 6 | Kerala State Electronics Development Corporation Ltd | 1100.33 |
| 7 | Alleppey Co-operative Spinning Mills | 1014.92 |
| 8 | Steel and Industrial Forgings | 910.00 |
| 9 | Kerala State Industrial Enterprises Ltd | 660.00 |
| 10 | Traco Cable Company Ltd | 546.43 |
| 11 | Travancore-Cochin Chemicals Ltd | 218.48 |
| 12 | Steel Industrials Kerala Ltd | 211.86 |
| 13 | Kerala Clays & Ceramic Products Ltd. | 210.60 |
| 14 | Kerala Electrical & Allied Engineering Company Ltd. | 139.70 |
| 15 | Kerala State Bamboo Corporation Ltd. | 89.00 |
| 16 | Kerala State Textile Corporation Ltd | 79.42 |
| 17 | Steel Complex Ltd | 76.14 |
| 18 | Handicrafts Dev Corporation (Kerala) Ltd | 70.96 |
| 19 | The Kerala Ceramics Ltd | 62.82 |
| 20 | The Trichur Co-operative Spinning Mills Ltd | 50.62 |
| 21 | Autokast Ltd. | 37.92 |
| 22 | Kerala Small Industries Development Corporation Ltd | 37.00 |
| 23 | Kerala State Drugs & Pharmaceuticals Ltd | 26.54 |
| 24 | Keltron Component Complex Ltd | 21.33 |
| 25 | Forest Industries (Travancore) Ltd | 14.99 |
| 26 | Kerala State Handloom Development Corporation Ltd | 13.00 |
| 27 | United Electrical Industries Ltd. | 12.15 |
| 28 | The Metal Industries Ltd | 10.41 |
| 29 | The Travancore Cements Ltd | 3.00 |
| 30 | KELPALM | 2.06 |
| 31 | Kerala Automobiles Ltd | 2.00 |
| 32 | Kerala Artisans Development Corporation Ltd | 0.26 |

Section Officer

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.62 — 1.7.2010ൽ മറുപടിയ്ക്ക്

തടവുകാരുടെ മക്കൾക്കായി ആവിഷ്ക്കരിച്ച വിദ്യാഭ്യാസ ധനസഹായ പദ്ധതി

ചോദ്യം — ഉത്തരം

ശ്രീ.പി.ജയരാജൻ:
ശ്രീ.ആനത്തലവട്ടം ആനന്ദൻ:
ശ്രീ.എ.സി.മൊയ്തീൻ:
ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:

ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തടവുകാരുടെ മക്കൾക്കായി ആവിഷ്ക്കരിച്ച വിദ്യാഭ്യാസ ധനസഹായ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | തടവുകാരുടെ മക്കളുടെ വിദ്യാഭ്യാസ ധനസഹായ പദ്ധതി പ്രകാരം ഹൈസ്ക്കൂൾതലം വരെ പഠിക്കുന്നവർക്ക് പ്രതിമാസം 500/-രൂപ പ്രകാരവും +1 മുതൽ ബിരുദം/ഡിപ്ലോമ വരെ പ്രതിമാസം 1,000/-രൂപ വീതവും ധനസഹായം നൽകുന്നു. ബന്ധപ്പെട്ട ജയിൽ സൂപ്രണ്ട് വഴിയാണ് അപേക്ഷ സ്വീകരിക്കുന്നതും ധനസഹായം വിതരണം നടത്തുന്നതും. അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന ബി.പി.എൽ വിഭാഗത്തിലെ രണ്ട് വർഷത്തിന്മേൽ ശിക്ഷിക്കപ്പെട്ട തടവുകാരുടെ കുട്ടികൾക്കാണ് ധനസഹായം അനുവദിക്കുന്നത്. |
| (ബി) | പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹരായ എത്ര കുട്ടികളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ; | (ബി) | 2008-09ൽ 104 പേർക്കും 2009-10ൽ 300 പേർക്കും ധനസഹായം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ വർഷം എത്ര പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് അറിയിക്കുമോ; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (സി) | ഈ വർഷത്തെ അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അപേക്ഷകൾ ലഭിച്ചു തുടങ്ങിയിട്ടില്ല. +1 ലേക്കുള്ള പ്രവേശന നടപടികൾ ഇപ്പോഴും പൂർത്തിയായിട്ടില്ല. ഈ വർഷം ലഭിക്കുന്ന അപേക്ഷകളിൽ അർഹരായ എല്ലാവർക്കും ധനസഹായം നൽകുന്നതാണ്. സ്ത്രീ ശാക്തീകരണ പരിപാടിയിൽ ഉൾപ്പെടുത്തിയാണ് ഈ ധനസഹായം നൽകുന്നത്. ഈ പദ്ധതിക്കായി 2 കോടി 50 ലക്ഷം രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | ജയിൽ മോചിതരായവരുടെ സ്വയം തൊഴിൽ പദ്ധതിക്കുള്ള ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | ജയിൽ മോചിതരായ മുൻ തടവുകാരുടെ പുനരധിവാസത്തിനായി 10,000/-രൂപ നൽകുന്ന പദ്ധതിയാണ് നിലവിലുള്ളത്. ഈ തുക 25,000/-രൂപയായി ഉയർത്തുന്നതിനുള്ള ശുപാർശ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |

R. Vijayesh

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 63 01.07.2010-ൽ മറുപടിക്ക്

വിഴിഞ്ഞം തുറമുഖ പദ്ധതി

ചോദ്യം

ശ്രീ. എൻ.ശക്തൻ:
ശ്രീ.ജോർജ് മേഴ്സിയർ

മറുപടി

ശ്രീ.എം. വിജയകുമാർ
(നിയമവും പാർലമെൻററികാര്യവും
സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണത്തിൽ പങ്കാളികളെ കണ്ടെത്തുന്നതിനുള്ള ആഗോള താല്പര്യപത്രം പുറപ്പെടുവിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത് എന്നത്തേയ്ക്ക് പുറപ്പെടുവിക്കാനാണ് ഉദ്ദേശിക്കുന്നത്; | (എ) | സ്വീകരിച്ചിട്ടുണ്ട്. ആഗോള താല്പര്യപത്രം 2010 ജൂലൈ മാസം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (ബി) | വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾക്കായി രൂപീകൃതമായ വിഴിഞ്ഞം ഇൻറർനാഷണൽ സീപോർട്ട് കമ്പനി (വിസിൽ)യുമായി ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ താല്പര്യമുള്ള ഏതൊക്കെ രാജ്യങ്ങളിൽ നിന്നുള്ള ആഗോള കമ്പനി പ്രതിനിധികൾ ചർച്ച നടത്തിയെന്ന് വിശദീകരിക്കുമോ; | (ബി) | സ്പെയിനിലെ ബാർസലോണ പോർട്ടധികാരികൾ വിസിലുമായി ചർച്ച നടത്തി അവരുടെ താല്പര്യം അറിയിക്കുകയുണ്ടായി |
| (സി) | പ്രസ്തുത പദ്ധതിക്ക് ആവശ്യമായ ആഗോള ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു വരെയായ ിഎന്ന് വെളിപ്പെടുത്തുമോ; | (സി) | ആറാഴ്ച സമയം നൽകി ജൂലൈ 2010-ൽ ക്ഷണിക്കുന്ന ആഗോള താല്പര്യപത്രം ലഭിച്ച് അവ വിലയിരുത്തിയശേഷം ആഗോള ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതാണ്. |

(..2)

| | | | |
|---|---|---|---|
| (ഡി) | വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി പുതിയ ടെണ്ടർ ഉറപ്പിച്ച് ഇതിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്? | (ഡി) | വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി 2010 ഡിസംബർ -2011 ജനുവരി മാസത്തോടെ പുതിയ ടെണ്ടർ ഉറപ്പിക്കാനും തുടർന്ന് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാനും കഴിയുമെന്നാണ് കരുതുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.: 64 — 01.07.2010 - ൽ മറുപടിയ്ക്ക്

## മുല്ലപ്പെരിയാർ അണക്കെട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൽഫോൺസ് കണ്ണന്താനം ;<br>ശ്രീ.കെ.കെ.ജയചന്ദ്രൻ ;<br>ശ്രീ.എസ്.രാജേന്ദ്രൻ ;<br>ശ്രീ.രാജു എബ്രഹാം ; | ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ<br>(ബഹു: ജലവിഭവ വകുപ്പുമന്ത്രി) |
| എ) മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് ഉയർത്തുന്നതിനെതിരെ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | എ) മുല്ലപ്പെരിയാർ ഉൾപ്പെടെയുള്ള 22 അണക്കെട്ടുകളിലെ ജലനിരപ്പ് നിശ്ചയിക്കുന്നതിനും ആവശ്യമെങ്കിൽ കാലഹരണപ്പെട്ട അണക്കെട്ടുകളുടെ പ്രവർത്തനം നിറുത്തി വയ്ക്കുന്നതിനും ഡാം സുരക്ഷാ അതോറിറ്റിയ്ക്ക് വിപുലമായ അധികാരങ്ങൾ നൽകുന്ന 'കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ്) ആക്ട് - 2006' മാർച്ച് മാസം കേരള നിയമസഭ പാസ്സാക്കി. പ്രസ്തുത ആക്ട് ഭരണഘടനാ വിരുദ്ധമാണെന്ന് ആരോപിച്ച് തമിഴ്നാട് സർക്കാർ ഫയൽ ചെയ്ത കേസ് ഇപ്പോഴും ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലാണ്. സുപ്രീം കോടതിയിലെ സീനിയർ വക്കീലൻമാർ അടങ്ങുന്ന ഒരു ടീമിനെ ഉൾപ്പെടുത്തി കേരളത്തിന്റെ ഭാഗം സമർത്ഥമായി വാദിക്കുന്നുണ്ട്. |
| ബി) ഡാമിന്റെ ബലക്ഷയം സംബന്ധിച്ച് ശാസ്ത്രീയ പഠനങ്ങൾ നടത്തി കേരളത്തിന് അനുകൂലമായ വസ്തുതകൾ കണ്ടെത്തുന്നതിനും സുപ്രീം കോടതിയിൽ തെളിവുകളായി ഹാജരാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ; | ബി) മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് ഉയർത്തിയാലുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പഠിച്ച ഡോ.ധ്രുവജ്യോതി ഘോഷിന്റെ പഠന റിപ്പോർട്ടും മുല്ലപ്പെരിയാർ ഡാമിന്റെ 'പ്രോബബിൾ മാക്സിമം ഫ്ളഡ് എസ്റ്റിമേഷനും, ഫ്ളഡ് റൂട്ടിംഗ് സ്റ്റഡീസിനെ സംബന്ധിച്ച് ഡൽഹി ഐ.ഐ.ടി.യിലെ ഡോ.എ.കെ.ഗോസായിൻ സമർപ്പിച്ച റിപ്പോർട്ടും മുല്ലപ്പെരിയാർ ഡാമിന്റെ 'സ്ട്രക്ചറൽ സ്റ്റബിലിറ്റി വിത്ത് റിഗാർഡ് റ്റു സീസ്മിക് ഇംപാക്ട്' പഠിക്കുന്നതിനായി റൂർക്കി ഐ.ഐ.ടി.യിലെ ഡോ.അരുൺ ബാപട്ട് ചെയർമാനും ഡോ.ഡി.കെ.പോൾ അംഗമായും രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ ഭാഗം I-ഉം സുപ്രീം കോടതിയിൽ കേരളം നൽകിയ അഫിഡവിറ്റുകളോടൊപ്പം സമർപ്പിച്ചിട്ടുണ്ട്. |

06.06.2009-ൽ കേരള സർക്കാർ നിയോഗിച്ച ഒരു വിദഗ്ധ സമിതി മുല്ലപ്പെരിയാർ ഡാം സന്ദർശിച്ച് സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് ബഹു.പ്രധാനമന്ത്രിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | മുല്ലപ്പെരിയാർ പ്രശ്നം പരിഹരിക്കുന്നതിനായി സുപ്രീംകോടതി രൂപീകരിച്ചിട്ടുള്ള അഞ്ചംഗ സമിതിയ്ക്ക് കൂടുതൽ തെളിവുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; | സി) | നടപടി സ്വീകരിക്കുന്നതാണ്. |
| ഡി) | ദുർബലമായ മുല്ലപ്പെരിയാർ ഡാമിനു പകരം പുതിയ അണക്കെട്ട് പണിയുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | ഡി) | പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി പെരിയാർ ടൈഗർ റിസർവിനു പുറത്തുള്ള 7 കി.മീ. റിവർ സർവ്വേ 23.01.2010-ൽ പൂർത്തിയായി. പെരിയാർ കടുവാ സങ്കേതത്തിൽ ഉൾപ്പെട്ട 3 കി.മീ.റിവർ സർവ്വേയും ഇതിനകം പൂർത്തിയായി. ബോർ ഹോൾ എടുത്ത് സോയിൽ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 5 ബോർ ഹോളുകൾ എൽ.ബി.എസ്. പൂർത്തിയാക്കിയിട്ടുണ്ട്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം 10 ബോർ ഹോളുകൾ കൂടി എടുക്കുന്നതിനുള്ള ടെണ്ടറിംഗ് പരിപാടികൾ പുരോഗമിച്ചു വരുന്നു. ജിയോളജിക്കൽ പഠനം നടത്തുന്നതിനായി സെസ്സിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പുതിയ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ രൂപകൽപ്പന സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി 9 അംഗ വിദഗ്ധ സമിതിയും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനു വേണ്ടി 8 അംഗ പ്രത്യേക ടാസ്ക് ഫോഴ്സും, ഡി.പി.ആർ.ഉണ്ടാക്കുന്നതിനു വേണ്ടി 6 അംഗങ്ങൾ ഉൾപ്പെട്ട ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കുറ്റമറ്റരീതിയിൽ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.65 | 01/07/2010-ൽ മറുപടിയ്ക്ക്

## മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ സ്വകാര്യ പ്രാക്ടീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എൻ.വാസവൻ:<br>ശ്രീ.വി.ശിവൻകുട്ടി:<br>ശ്രീ.സികെ.സദാശിവൻ:<br>ശ്രീ.എ.പ്രദീപ് കുമാർ: | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ സ്വകാര്യപ്രാക്ടീസ് നിരോധിച്ചതിനെ തുടർന്ന് മെഡിക്കൽ കോളേജുകളു ടെയും ആശുപത്രികളുടെയും പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | എ) സ്വകാര്യപ്രാക്ടീസ് നിരോധനത്തെ ത്തുടർന്ന് മെഡിക്കൽ കോളേജ് ആശുപത്രി കളിൽ ഡോക്ടർമാരുടെ സേവനം കൂടുതൽ സമയം ലഭ്യമാക്കാനായിട്ടുണ്ട് മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെയും അദ്ധ്യാപ കരുടെയും പഠന-ഗവേഷണ പ്രവർത്തന ങ്ങൾ ഫലപ്രദമാക്കാനും ഇത് സഹായകര മാകും. വിശദമായ വിലയിരുത്തൽ നട ത്തേണ്ടതുണ്ട്. |
| ബി) ഡോക്ടർമാരുടെ സ്വകാര്യപ്രാക്ടീസ് നിരീക്ഷിക്കാൻ എന്തെങ്കിലും സംവി ധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | ബി) സ്വകാര്യപ്രാക്ടീസ് നിരോധനം നടപ്പിലാക്കു ന്നത് നിരീക്ഷിക്കുന്നതിന് മെഡിക്ക ൽ/ഡെൻറൽ കോളേജുകൾ കേന്ദ്രീകരി ച്ചും കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ ഡ യറക്ടറേറ്റിലും വിജിലൻസ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. |
| സി) സ്വകാര്യ പ്രാക്ടീസ് നിരോധിച്ച ശേഷം സ്വകാര്യ പ്രാക്ടീസ് നടത്തിയ എത്ര കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇവ ർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) രണ്ട് കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട ഡോക്ടർമാർക്കെതിരെ അച്ചട ക്കനടപടി സ്വീകരിച്ചുവരുന്നു. |
| ഡി) മെഡിക്കൽ കോളേജുകളിൽ പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ ഉദ്ദേശി ക്കുന്നുണ്ടോ; എങ്കിൽ എന്നു മുതൽ ഇത് നടപ്പാക്കും എന്ന് വെളിപ്പെടു ത്തുമോ? | ഡി) മെഡിക്കൽ കോളേജുകളിലും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലും പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്ന കാര്യം പരി ഗണനയിലുണ്ട്. ആഗസ്റ്റ് മാസത്തോടെ ഇത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ:66 1.7.2010-ൽ മറുപടിക്ക്

പൂട്ടിക്കിടന്ന വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.അനിരുദ്ധൻ<br>ശ്രീ.കെ.രാജു<br>ശ്രീ.എ.കെ.ചന്ദ്രൻ<br>ശ്രീ.പി.തിലോത്തമൻ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) പൂട്ടിക്കിടന്ന എത്ര വ്യവസായ സ്ഥാപനങ്ങൾ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പൂട്ടിക്കിടക്കുന്നവയിൽ പുനരുദ്ധാരണത്തിന് സാധ്യമായവ തെരഞ്ഞെടുത്ത് പുനരുദ്ധരിക്കാനാണ് തീരുമാനിച്ചത്. ഇതിനനുസൃതമായി തുറന്നു പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരങ്ങാം ചുവടെ ചേർക്കുന്നു.<br><br>➢ KSTCയുടെ അധീനതയിലുള്ള Malabar Spinning & Weaving Mills<br>➢ Trivandrum Spinning Mills Ltd ലെ സൗകര്യങ്ങൾ ഉപയോഗിച്ച് open end spinning Mill ആരംഭിച്ചു. |

- Kerala Soaps & Oils Ltd യിലെ സൗകര്യങ്ങൾ ഉപയോഗിച്ച് Kerala Soaps എന്ന പേരിൽ ഒരു സോപ്പ് നിർമ്മാണ യൂണിറ്റ് KSIE-യുടെ കീഴിൽ ആരംഭിച്ചു.
- Kerala State Detergents & Chemicals Ltd ൻെറ ഉൽപ്പാദന സൗകര്യങ്ങൾ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി KINFRA-യെ ചുമതലപ്പെടുത്തി.
- കേരള സംസ്ഥാന സാലിസിലേറ്റ്സ് ആൻറ് കെമിക്കത്സിൻെറ 25 ഏക്കർ ഭൂമിയിൽ Kerala SIDCO കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ITI Ltd യുമായി ചേർന്ന് ടെലികോം സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- കൂടാതെ പ്രവർത്തനം നിലച്ചിരുന്ന Keltron Power Devices Ltd ഉം Keltron Rectifiers Ltd ഉം അവയുടെ എല്ലാ ആസ്തികളും ബാദ്ധ്യതകളും ഉൾപ്പെടെ വികസനപ്രവർത്തനങ്ങൾക്കായി ഹോൾഡിംഗ് കമ്പനിയായ KSEDC ഏറ്റെടുക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.
- Keltron Counters Ltd-ൻെറ ആസ്തികളും ബാധ്യതകളും ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനായി ഹോൾഡിംഗ് കമ്പനിയായ Kerala State Electronics

Dev.Corporation Ltd (KSEDC) നെ ചുമതലപ്പെടുത്തി.

- വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനമായ Travancore Plywood Industries Ltd-ൻെറ ആസ്തികളും, മറ്റ് ഉൽപ്പാദന സൗകര്യങ്ങളും സംസ്ഥാനത്തിൻെറ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി KINFRA-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇവ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും നഷ്ടത്തിലായ വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിൽ കൊണ്ടുവരുന്നതിനും ഈ ഗവൺമെൻറ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും ലാഭകരമായി പ്രവർത്തിക്കുന്നതിനും അവയുടെ നവീകരണത്തിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

- സ്ഥാപനങ്ങളുടെ നവീകരണത്തിൻെറയും, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിൻെറയും ഭാഗമായി പ്രവർത്തന മാന്ദ്യം നേരിട്ടിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ അവയുടെ സുസ്ഥിരമായ ഭാവി ഉറപ്പിൽ വരുത്തുന്നതിലേയ്ക്കായും അവരുടെ തന്നെ പ്രവർത്തന മേഖലയിൽ കഴിവു തെളിയിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിലേർപ്പെടുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

➢ പൂട്ടിക്കിടക്കുന്നവയിൽ പുനരുദ്ധാരണത്തിന് സാധ്യമായവ തെരഞ്ഞെടുത്ത് പുനരുദ്ധരിക്കുക.

➢ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമർത്ഥരായ ചീഫ് എക്സിക്യൂട്ടീവ്മാരെ സുതാര്യമായ നടപടിക്രമങ്ങളിലൂടെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ സമർത്ഥരായവരെ ലഭിക്കുന്നതിനായി പൊതുമേഖലാസ്ഥാപനങ്ങളുടെ മേധാവികളുടെ ശമ്പളം കാറ്റഗറി അനുസരിച്ച് വർദ്ധിപ്പിക്കുവാനുള്ള ഉത്തരവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

➢ വ്യവസായവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തി. വ്യവസായ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഓരോ മാസവും നടത്തുന്ന പ്രവർത്തന അവലോകനത്തിൽ കഴിഞ്ഞമാസം കൈവരിച്ച ഉൽപാദനക്ഷമതയും പരിശോധിച്ച് കുറവുണ്ടെങ്കിൽ പരിഹാരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

➢ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള

പരിശീലന പരിപാടികൾ കമ്പനിതലത്തിലും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- ഓരോ വർഷത്തേയും പ്രവർത്തനം സംബന്ധിച്ച് ബജറ്റും പദ്ധതിയും നേരത്തെ തയ്യാറാക്കുന്നു. അത് കൈവരിക്കുന്നതിൻെറ പുരോഗതി മാസാമാസം അവലോകനം നടത്തുകയും ചെയ്യുന്നു.

- ഉൽപ്പാദനക്ഷമതയും, ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി കരാറുണ്ടാക്കുവാൻ മാനേജ്മെൻറ് തലത്തിൽ നടപടികൾ സ്വീകരിച്ചു

- കമ്പനികളിലെ ഇൻേറണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനു വേണ്ടി സർക്കാർ RIAB മുഖേന ചാർട്ടേർഡ് അക്കൗണ്ടൻറ്സിൻെറ ഒരു പാനൽ തയ്യാറാക്കി അംഗീകരിക്കുകയും സ്ഥാപനങ്ങളോട് ഈ പാനലിൽ നിന്നു മാത്രമേ ഇൻേറണൽ ഓഡിറ്റേഴ്സിനെ നിയമിക്കാവൂയെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.
- നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപണന സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും സ്വീകരിച്ചുവരുന്നു.

➢ പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം, വിപുലീകരണം എന്നീ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള 5 പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിലായി 8 യൂണിറ്റുകൾ സ്ഥാപിക്കുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. 125 കോടി മുതൽ മുടക്കിൽ ആരംഭിക്കുന്ന ഈ യൂണിറ്റുകൾ, 2010-11 ലെ ധനകാര്യ ബഡ്ജറ്റിൽ പ്രതിപാദിച്ച തരത്തിൽ 2010-11 കാലഘട്ടത്തിൽ തന്നെ പ്രവർത്തനം ആരംഭിക്കുന്ന രീതിയിലാണ് നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നത്.

➢ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പിൽ വരുത്തുന്നതിനും, നടത്തിപ്പിനാവശ്യമായ ധന ലഭ്യത ഉറപ്പിൽ വരുത്തുന്നതിനും വേണ്ടി സർക്കാർ G.O.(MS)No.103/2010/ID dated 30/04/2010 വഴി ഈ പദ്ധതികൾക്ക് പ്രവർത്തനാനുമതി നൽകുകയും, മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അവരുടെ പക്കൽ അധികമായുള്ള ധനം ഇത്തരം സംരംഭങ്ങൾക്കായി വിനിയോഗിക്കുവാൻ അനുവാദം നൽകുകയും ചെയ്തു.

➢ ഇതിനാൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന 54.80 കോടി രൂപ മറ്റു വ്യവസായസ്ഥാപനങ്ങളുടെ പുനരുദ്ധാരണ / നവീകരണ പ്രവർത്തനങ്ങൾക്കായും ബാങ്കുകളുമായിട്ടുള്ള കടബാദ്ധ്യത തീർക്കുന്നതിനുമായി 7% എന്ന കുറഞ്ഞനിരക്കിൽ പൊതുമേഖലാസ്ഥാപങ്ങാക്ക് നൽകുവാൻ തീരുമാനിച്ചു.

(സി) എൻറർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശകൾ എന്തെല്ലാമാണ്; ഈ കമ്മിറ്റി രൂപീകരിച്ചത് എപ്പോഴാണ്; ഈ കമ്മിറ്റിയുടെ ശുപാർശയുടെ വെളിച്ചത്തിൽ എത്ര സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്; അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

(സി) G.O(MS) No.151/2001/ID dt.08-11-2001 പ്രകാരമാണ് എൻറർപ്രൈസ് റിഫോംസ് കമ്മറ്റി രൂപീകരിച്ചത്. 20.3.2002 തീയതിയിലെ ജി.ഒ (എം.എസ്) നം.29/02/വ്യവ പ്രകാരം സർക്കാർ അംഗീകാരം നൽകിയ ഒരു സമീപന രേഖയുടെ അടിസ്ഥാനത്തിലാണ് എൻറർപ്രൈസ് റിഫോംസ് കമ്മറ്റി പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കായി സ്ഥാപനങ്ങളെ പഠന വിധേയമാക്കി ശുപാർശ നൽകിയിരുന്നത്.

കമ്മിറ്റി 9 സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനും 10 സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിനും 12 സ്ഥാപനങ്ങൾ നിലനിർത്തുന്നതിനും ശുപാർശ ചെയ്യുകയുണ്ടായി. അതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഇതിനായി കമ്പനികളെ അവയുടെ പ്രവർത്തന ഘടകളായ അറ്റാദായം, കടബാധ്യതകൾ, പ്രവർത്തന മൂലധനത്തിന്റെ ആവശ്യകത, സഞ്ചിത നഷ്ടം, ടെക്നോളജിയിലെ

മാറ്റത്തിന്റെ ആവശ്യകത, സ്ഥാപനങ്ങളുടെ വിപണിയിലെ മത്സരക്ഷമത എന്നിവയുടെ അടിസ്ഥാനത്തിൽ 7 കാറ്റഗറികളായി തരം തിരിച്ചാണ് ഒരോന്നിന്റേയും പുനരുദ്ധാരണത്തിനായിട്ടുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നത്.

ലേ ഓഫ് നടപ്പിലാക്കുക, തൊഴിലാളികളെ സാമൂഹിക സുരക്ഷിതത്വ പദ്ധതിയിൽ ഉൾപ്പെടുത്തി വി.ആർ.എസ് നൽകിഅടച്ചു പൂട്ടുക, പുനരുദ്ധാരണത്തിനു കൂടുതൽ തുക ആവശ്യം വേണമെന്ന പക്ഷം അവയെ പൂർണ്ണമായ സ്വകാര്യ പങ്കാളിത്തത്തോടെ പുനരുദ്ധരിക്കുക, സ്വകാര്യ പങ്കാളിത്തത്തോടെ പൊതുമേഖലയിൽ നിലനിർത്തിപുനരുദ്ധരിക്കുക, ജീവനക്കാരുടെ എണ്ണം കൂടുതലാണെങ്കിൽ സാമൂഹിക സുരക്ഷിതത്വ പദ്ധതി നടപ്പിലാക്കി തൊഴിലാളികളുടെ എണ്ണം ആവശ്യമായ നിലയ്ക്ക് ക്രമീകരിക്കുക, O.T.S വഴി ബാങ്കുകളുമായുള്ള ബാധ്യതകൾ അടച്ചു തീർക്കുക തുടങ്ങിയ നിർദ്ദേശങ്ങളായിരുന്നു എന്റർപ്രൈസ് കമ്മറ്റി സർക്കാരിന് പ്രധാനമായും നൽകിയിരുന്നത്

എന്റർപ്രൈസ് റിഫോംസ് കമ്മറ്റി 44 പൊതുമേഖലാസ്ഥാപനങ്ങളുടെ പഠനം നടത്തി ശുപാർശ സർക്കാരിലേക്കയച്ചു ഇതിൽ 28 പൊതുമേഖലാസ്ഥാപനങ്ങളെക്കുറിച്ചുള്ള ERC യുടെയും / പ്ലാനിംഗ് ബോർഡിന്റെയും ശുപാർശകളിന്മേൽ സർക്കാർ തീരുമാനമെടുത്തു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| Closure | Restructuring with majority Govt. participation | Restructuring with majority private participation/ employees co-operative Society |
|---|---|---|
| ↓ | ↓ | ↓ |

| No | PSUs | No | PSUs | No | PSUs |
|---|---|---|---|---|---|
| 1 | Kerala Soaps & Oils | 1 | Kerala Electrical & Allied Engg Co. | 1 | Astral Watches |
| 2 | Scooters Kerala | 2 | Kerala State Drugs & Pharmaceuticals | 2 | Keltron Counters |
| 3 | Metropolitan Engg Co. | 3 | Kerala State Textile Corpn | 3 | Kerala State Detergents & Chemicals |
| 4 | Kerala Construction Components | 4 | Sitaram Textiles | 4 | Kerala State Salicylates & Chemicals |
| 5 | Trivandrum Spinning Mills (BIFR) | 5 | Kerala Ceramics | 5 | Travancore Plywood Industries |
| 6 | Keltron Rectifiers (BIFR) | 6 | Transformers & Electricals Kerala | 6 | Autokast |
| | **Divisions** | 7 | United Electrical Industries | 7 | Keltron Component Complex (Decision to be taken by the holding company) |
| 1 | * Porcelain Unit of Kerala Ceramics | 8 | Travancore Sugars & Chemicals | 8 | Steel Complex |
| 2 | * Malabar Spinning & Weaving Mills of KSTC | 9 | Quilon Co-opertaive Spinning Mills | 9 | Kerala Garments |
| 3 | * Olavakkode Unit of KEL | 10 | Cannanore Co-operative Spinning Mills | 10 | Forest Industries (Travancore) Ltd |
| | | 11 | Trichur Co-operative Spinnig Mills | | |
| | | 12 | Malappuram Co-operative Spinning Mills | | |

ഈ സർക്കാർ ഒരു സ്ഥാപനവും അടച്ചുപൂട്ടിയിട്ടില്ല. പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാനുള്ള തീരുമാനങ്ങൾ ഈ സർക്കാർ റദ്ദുചെയ്യുകയുണ്ടായി.

Section Officer

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : T-67 — 01.07.2010-ൽ മറുപടിക്ക്.

### വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എം. മോനായി :<br>ശ്രീ. സി.എം. ദിനേശ്മണി :<br>ശ്രീ. എം.കെ. പുരുഷോത്തമൻ :<br>ശ്രീ. എ.എം. യൂസഫ് : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതിയുടെ സ്തംഭവാവസ്ഥ പരിഹരിക്കുന്നതിനു വേണ്ടി ഈ സർക്കാർ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) പദ്ധതി പ്രദേശത്തേയ്ക്കുള്ള റെയിലിന്റെയും റോഡിന്റെയും നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുത്തു നൽകി. |
| (ബി) പദ്ധതിക്കായി എത്ര ഏക്കർ സ്ഥലം ഏറ്റെടുത്തു നൽകിയെന്ന് വെളിപ്പെടുത്തുമോ ; | (ബി) നാലുവരിപ്പാതയുടെ നിർമ്മാണത്തിനായി മൊത്തം 46.3604 ഹെക്ടർ ഭൂമിയും റെയിൽ കണക്ടിവിറ്റിയ്ക്കായി 4.3076 ഹെക്ടർ ഭൂമിയും ഏറ്റെടുത്തു നൽകിയിട്ടുണ്ട്. |
| (സി) പദ്ധതി പ്രദേശത്തെ റെയിൽ റോഡ് കണക്ടിവിറ്റി പൂർത്തിയായിട്ടുണ്ടോ ; | (സി) പദ്ധതി പ്രദേശത്തെ റെയിലിന്റെയും റോഡിന്റെയും പണികൾ ഏതാണ്ട് 90%ത്തോളം പൂർത്തിയായിട്ടുണ്ട്. |
| (ഡി) വല്ലാർപാടം പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ; | (ഡി) 2010 ആഗസ്റ്റിൽ വല്ലാർപാടം പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഇ) പദ്ധതിമൂലം സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് ? | (ഇ) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ കമ്മീഷൻ ചെയ്യുന്നതോടുകൂടി സംതുലിതമായ പ്രാദേശിക വികസനം ഉറപ്പുവരുത്തുകയും, അധിക ചെലവില്ലാതെ കടൽമാർഗ്ഗമുള്ള വ്യാപാരം നടത്താനും, തുറമുഖാധിഷ്ഠിതമായുള്ള വ്യവസായങ്ങൾക്ക് വർദ്ധനയുണ്ടാകുന്നതിനും, ഉദ്ദേശം 7500 കോടി രൂപയുടെ നിക്ഷേപ ഒഴുക്കുണ്ടാകുന്നതിനും, ഏതാണ്ട് 25000-50000-നും ഇടയ്ക്ക് തൊഴിലവസരങ്ങൾ ഉണ്ടാകുന്നതിനും സഹായിക്കുന്നതാണ്. ഇതെല്ലാം തന്നെ കൊച്ചിയെ ഒരു സാമ്പത്തിക കേന്ദ്രമാക്കി മാറ്റുന്നതിന് സഹായിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.: 68

01.07.2010 - ൽ മറുപടിയ്ക്ക്

## അണക്കെട്ടുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ ;<br>ശ്രീ.എസ്.രാജേന്ദ്രൻ ;<br>ശ്രീ.ബി.ഡി.ദേവസ്സി ;<br>ശ്രീ.വി.ജെ.തങ്കപ്പൻ ; | ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ<br>(ബഹു: ജലവിഭവ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ അണക്കെട്ടുകളെ നവീകരിക്കുന്നതിനും ബലപ്പെടുത്തുന്നതിനും ലോകബാങ്കിന്റെ സഹായത്തോടെയുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | എ) കേരളത്തിലെ അണക്കെട്ടുകളെ പുനരുദ്ധരിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും വേണ്ടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഡാം റീ ഹാബിലിറ്റേഷൻ ഇംപ്രൂവ്മെന്റ് പദ്ധതിയ്ക്ക് ലോകബാങ്ക് അധികൃതർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് വരുന്നു. ജലസേചനവകുപ്പിന്റെ കീഴിലുള്ള 19 അണക്കെട്ടുകളും വൈദ്യുതി ബോർഡിന്റെ അധീനതയിലുള്ള 12 പദ്ധതികളുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| ബി) പദ്ധതികൾക്കായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ; ഏതെല്ലാം അണക്കെട്ടുകളുടെ നവീകരണമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; | ബി) സംസ്ഥാന ജലസേചന വകുപ്പും കേരള വൈദ്യുതി ബോർഡും അണക്കെട്ടുകളുടെ നവീകരണത്തിനായി 211.17 കോടി രൂപയുടെ പദ്ധതി കേന്ദ്ര ജലകമ്മീഷനിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ജലസേചന വകുപ്പിന്റെ 111.7 കോടി രൂപയുടെ പദ്ധതിയും വൈദ്യുതി ബോർഡിന്റെ 99.47 കോടി രൂപയുടെ പദ്ധതിയും ഉൾപ്പെടുന്നു. ഇതിൽ 80% ലോകബാങ്ക് ലോണായും 20% കേരള സർക്കാരും ഉപയോഗിക്കാനാണ് തത്വത്തിൽ തീരുമാനിച്ചിരിക്കുന്നത്.<br><br>ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 19 ഡാമും കേരള വൈദ്യുതി ബോർഡിന്റെ കീഴിലുള്ള 12 ഡാമുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ജലസേചന വകുപ്പിന്റെ നെയ്യാർ, മലമ്പുഴ, വാളയാർ, പീച്ചി എന്നിവയും വൈദ്യുതി ബോർഡിന്റെ കീഴിലുള്ള പെരിങ്ങൽകുത്ത്, ശബരിഗിരി, ഷോളയാർ, ഇടുക്കി, ചെങ്കുളം എന്നിവ ഒന്നാം |

ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കി ഡാമുകൾ രണ്ടും മൂന്നും ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതാണ്. ഈ പദ്ധതി ലോകബാങ്ക് തത്വത്തിൽ അംഗീകരിക്കുകയും 280 കോടിരൂപ വകയിരുത്തുകയും തുടർനടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു.

| | |
|---|---|
| സി) നവീകരണപ്രവർത്തനങ്ങൾ എന്ന് ആരംഭിക്കും ; നവീകരണ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | സി) 2011 ജനുവരിയിൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. 3 ഘട്ടങ്ങളിലായി 6 വർഷം കൊണ്ട് സമയബന്ധിതമായി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 69 1.07.2010—ൽ മറുപടിക്ക്

ജല സുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. മുരളി | ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ |
| ,, തേറമ്പിൽ രാമകൃഷ്ണൻ | (ജലവിഭവ വകുപ്പ് മന്ത്രി) |
| ,, ഡൊമനിക് പ്രസന്റേഷൻ | |
| ,, കെ. ശിവദാസൻ നായർ | |

(എ) സംസ്ഥാനം നേരിടുന്ന കുടിവെള്ള ക്ഷാമത്തിന് പരിഹാരമായി നടപ്പിലാക്കുന്ന ജല സുരക്ഷാ പദ്ധതിയിൻ കീഴിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു വെന്ന് വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്തെ മുഴുവൻ ജല സ്രോതസ്സുകളും ജലാശയങ്ങളും ഉൾപ്പെടെയുള്ള ജലസമ്പത്ത് സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ശുദ്ധജലത്തിന്റെ സുരക്ഷിതത്വവും ലഭ്യതയും ഉറപ്പു വരുത്തുന്നതിനുമായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടുകൂടി സംസ്ഥാനത്തെ മുഴുവൻ ജനങ്ങളേയും പങ്കാളികളാക്കികൊണ്ട് 'ജല സുരക്ഷ' എന്ന പേരിൽ ഒരു ബൃഹത് പദ്ധതിയ്ക്ക് രൂപം നൽകുകയും പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ ജല സമ്പത്ത് സംരക്ഷിക്കുന്നതിനും മഴവെള്ളത്തിലൂടെ ലഭ്യമാകുന്ന ജലം പരമാവധി തടഞ്ഞ് നിർത്തുന്നതിനുമുള്ള വിവിധ പ്രവർത്തനങ്ങളുമാണ് ഇപ്പോൾ നടപ്പാക്കി വരുന്നത്. ഒരു തുടർ പദ്ധതിയായി ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതി പ്രധാനമായും ജനകീയ പങ്കാളിത്തം പൂർണ്ണമായും ഉറപ്പാക്കി അതിലൂടെ ശുദ്ധ ജലത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ബോധവൽക്കരണം

നടത്തിയുമാണ് പദ്ധതി നടപ്പാക്കി വരുന്നത്.

ജലസുരക്ഷാ പദ്ധതിൻ കീഴിൽ നടപ്പിലാക്കിയിരിക്കുന്ന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

ജലസുരക്ഷാ ആശയരൂപീകരണ ആലോചനാ ശിൽപ്പശാല സംസ്ഥാന തലത്തിൽ സംഘടിപ്പിച്ചു.

നിയമസഭാ സാമാജികർക്കുവേണ്ടി ജല സുരക്ഷാ സമീപന രേഖയുടെ വിശദീകരണ ശിൽപ്പശാല സംഘടിപ്പിച്ചു, ജലസുരക്ഷ സംസ്ഥാന തല ഉത്ഘാടനം തൃശ്ശൂർ ജില്ലയിൽ ചേലക്കര നിയോജകമണ്ഡലത്തിൽ.

ജലം, കൃഷി, വനം, റവന്യൂ, തദ്ദേശ സ്വയം ഭരണ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർക്കും, പ്രസ്തുത വകുപ്പുകളിൽ നിന്നുള്ള നോഡൽ ഓഫീസർമാർക്കും വേണ്ടിയുള്ള അർദ്ധ ദിന ശിൽപ്പശാല സംഘടിപ്പിച്ചു, ചേലക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന എല്ലാ ജനപ്രതിനിധികൾക്കായുള്ള അർദ്ധദിന ബോധവൽക്കരണ ശിൽപ്പശാല, പഞ്ചായത്ത് തല ബോധവൽക്കരണ ശിൽപ്പശാലകൾ—9 എണ്ണം സംഘടിപ്പിച്ചു. പഞ്ചായത്ത് തല കോർ ടീമുകൾ രൂപീകരിച്ചു. തിരുവില്വാമല ഗ്രാമപഞ്ചായത്തുകളിൽ പങ്കാളിത്ത പഠന രീതികളിലൂടെയുള്ള വിവര ശേഖരണവും, ജല സുരക്ഷാ രൂപരേഖ തയ്യാറാക്കലും നടത്തി, ജല ഗുണ നിലവാര നിർണ്ണയ ക്യാമ്പുകൾ—9

എണ്ണം സംഘടിപ്പിച്ചു, ജലസുരക്ഷ— സംസ്ഥാന/ജില്ലാതല സ്ഥാപന സംവിധാനത്തിന്റെ രൂപീകരണം നടത്തി, ജലസുരക്ഷ—സമീപനരേഖ കൈപ്പുസ്തകം —2500 കോപ്പികൾ പ്രസിദ്ധീകരിച്ചു, ജലസുരക്ഷ—മാർഗ്ഗ നിർദ്ദേശങ്ങളുടെ കൈപ്പുസ്തകം —5000 കോപ്പികൾ പ്രസിദ്ധീകരിച്ചു, ജലസുരക്ഷ—ഒരു ഡോക്യുമെന്ററി തയ്യാറാക്കി. ജില്ലാ തല പ്രതിമാസ റിവ്യൂ മീറ്റിംഗ് 5 എണ്ണം സംഘടിപ്പിച്ചു. ജി. ഡബ്ല്യൂ.ഡി നേതൃത്വത്തിൽ 5 ഗ്രാമപഞ്ചായത്തുകളിൽ 300 കിണറുകൾ റീ ചാർജ്ജ് ചെയ്തു. വനം വകുപ്പിന്റെ നേതൃത്വത്തിൽ 14 ചെക്ക് ഡാമുകൾ എ.എസ്/ റ്റി.എസ് ലഭിച്ചതിൽ, 6 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു, ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ എൻ.ആർ.ഇ.ജി. എസ് തുക ഉപയോഗിച്ച് വാഴാനി കനാലിന്റെ 46 കി.മീ ദൂരം പൂർത്തിയാക്കി.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ വിവിധ വകുപ്പുകളുടെ സഹകരണം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | (ബി) | ജലസുരക്ഷ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുവാനും വിവിധ വകുപ്പുകളുടെ സഹകരണം ഉറപ്പുവരുത്തുവാനും ജല വിഭവ വകുപ്പ് ഉത്തരവ് സ.ഉ (സാധാ) നമ്പർ 1087/09 /ജല വിഭവ വകുപ്പ് തീയതി 24.9.2009 പ്രകാരം —ജല സുരക്ഷ പദ്ധതി നിർവ്വഹണ നിർവ്വാഹക സമിതികളിലെ സംസ്ഥാനതല ഉന്നതാധികാര |

ഉപദേശക സമിതിയിലും സംസ്ഥാന തല സംയോജന അവലോകന സമിതിയിലും —ജലം, വനം, കൃഷി, തദ്ദേശസ്വയംഭരണം, റവന്യൂ, വ്യവസായം, ധനകാര്യം എന്നീ വകുപ്പുകളുടെ ബഹു. മന്ത്രിമാരേയും പ്രിൻസിപ്പൽ സെക്രട്ടറിമാരേയും ഉൾപ്പെടുത്തികൊണ്ടാണ് സമിതികൾ രൂപീകരിച്ചിരിക്കുന്നത്. ജല സുരക്ഷ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളും സർക്കാർ ഉത്തരവുകളും ഉൾപ്പെടുത്തി സി. സി .ഡി .യു തയ്യാറാക്കിയിട്ടുള്ള കൈപുസ്തകം എല്ലാ ബഹു. എം.എൽ.എ മാർക്കും ഗ്രാമപഞ്ചായത്തുകൾക്കും മേൽ സൂചിപ്പിച്ചിരിക്കുന്ന ഡിപ്പാർമെൻറുകൾക്കും ഇതിനോടകം ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നതിനായി ജില്ലകളിൽ ജല വിഭവ വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പുകളുടെ ജില്ലാതല ഓഫീസുകളെ ജല സുരക്ഷാ പദ്ധതിയുടെ ജില്ലാതല ഓഫീസുകളായി പ്രവർത്തിക്കുവാൻ നിർദ്ദേശം നൽകുകയും ബന്ധപ്പെട്ട ജീവനക്കാർക്ക് അധിക ചുമതല നൽകിയും ഉത്തരവായിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും വ്യാപിപ്പിക്കുന്നതിനും മതിയായ ബോധവത്ക്കരണം നൽകുന്ന—തിനും ഈ വർഷം നടത്തുവാനുദ്ദേശിക്കുന്ന കർമ്മപരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | പദ്ധതി സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും വ്യാപിക്കുന്നതിന്റെ ഭാഗമായി ജല വിഭവ (ജല വിതരണ സി) വകുപ്പ് ഉത്തരവ്: സ.ഉ (സാധാ) നമ്പർ 69/2010/WRD തീയതി 18.1.2010 പ്രകാരം പദ്ധതിയുടെ സംസ്ഥാനതല കോഓർഡിനേഷൻ ചുമതല C C D U നെയും തിരുവനന്തപുരം, തൃശൂർ ,മലപ്പുറം ജില്ലകളുടെ ചുമതല K.R.WS.A യും കോഴിക്കോട്, എറണാകുളം, ആലപ്പുഴ, കോട്ടയം ജില്ലകളുടെ ചുമതല ജലസേചന വകുപ്പിനേയും വയനാട്, ഇടുക്കി ജില്ലകളിലെ KWA യും, പാലക്കാട്, കൊല്ലം, കണ്ണൂർ, പത്തനംതിട്ട ജില്ലകളുടെ ചുമതല കാഡയേയും കാസർകോഡ് ജില്ലയിലെ ചുമതല GWD യേയും ഏൽപ്പിച്ചു കഴിഞ്ഞു, അതാത് ഡിപ്പാർമെന്റുകൾ ജില്ലകളിൽ നോഡൽ ഓഫീസർമാരെ നിയമിക്കുകയും ചെയ്തു. സംസ്ഥാന തലത്തിൽ പത്ര മാധ്യമ ങ്ങളിലൂടെയും ഇലക്ട്രോണിക് മീഡിയയിലൂടെയും പരസ്യ ബോർഡുകളിലൂടെയും എക്സിബിഷൻ വഴിയും IEC സാമഗ്രികൾവഴിയും ശിൽപ്പശാലകളിലൂടെയും ബോധവൽക്കരണ പരിപാടികൾ ആരംഭിക്കുകയും തുടരുകയും ചെയ്യുന്നതാണ്. സർക്കാർ CCDU ന് അംഗീകരിച്ച് നൽകിയ 130 ലക്ഷം രൂപ വിവരം—വിജ്ഞാനം—വിനിമയത്തിനാണ് പ്രധാന ഊന്നൽ ജലസുരക്ഷ |

പദ്ധതിയിൽ നൽകിയിരിക്കുന്നത്.

ജലനിധിയുടേയും സി സി ഡി യു ന്റെയും ആഭിമുഖ്യത്തിൽ സംസ്ഥാന വ്യാപകമായി പത്ര, എഫ്.എം റേഡിയോ മറ്റ് ദൃശ്യ മാധ്യമങ്ങളിലൂടെ പ്രചാരണ പരിപാടികൾ നടത്തി വരുന്നു. കൂടാതെ ടി വകുപ്പുകളുടെ നേതൃത്വത്തിൽ ചർച്ചാ ക്ലാസുകളും സെമിനാറുകളും സംസ്ഥാന വ്യാപകമായി നടത്തിവരുന്നു. പദ്ധതി നിർവ്വഹണത്തിനായി വിവിധ തലങ്ങളിൽ നിർവ്വാഹ സമിതികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

പൊതുജന പങ്കാളിത്തവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പൂർണ്ണമായ സഹകരണവുമാണ് പദ്ധതിയുടെ നടത്തിപ്പിലും സമീപനത്തിലും വിഭാവനം ചെയ്തിട്ടുള്ളത്. സംസ്ഥാനത്തുള്ള എല്ലാ ജല സമ്പത്തും സംരക്ഷിക്കുകയും ജലമലിനീകരണം തടഞ്ഞ് ശുദ്ധ ജലം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.: 70 — 01.07.2010 - ൽ മറുപടിയ്ക്ക്

## അണക്കെട്ടുകളുടെ നവീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.രാജാജി മാത്യു തോമസ് ;<br>ശ്രീ.എൻ.രാജൻ ;<br>ശ്രീ.കെ.രാജു ;<br>ശ്രീ.കെ.അജിത്ത് ; | | ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ<br>(ബഹു: ജലവിഭവ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് നവീകരിക്കേണ്ട അണക്കെട്ടുകളുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാം ; | എ) | ഉണ്ട്.<br>ജലസേചന വകുപ്പിന്റെ കീഴിലുള്ള നെയ്യാർ, മലമ്പുഴ, വാളയാർ,പീച്ചി, കുറ്റ്യാടി, കാഞ്ഞിരപ്പുഴ, ചിമ്മിനി, കല്ലട, ശിരുവാണി, മീൻകര, ചുള്ളിയാർ, പോത്തുണ്ടി, വാഴാനി, മംഗലം, മലങ്കര എന്നീ അണക്കെട്ടുകളും പമ്പ (മണിയാർ), ഭൂതത്താൻകെട്ട്, പഴശ്ശി എന്നീ ബാരേജുകളും മൂലത്തറ റെഗുലേറ്ററും കാലപ്പഴക്കത്താൽ ബലക്ഷയം നേരിടുന്നതിനാൽ നവീകരിക്കേണ്ടതുണ്ട്. |
| ബി) പ്രസ്തുത അണക്കെട്ടുകൾ നവീകരിക്കുന്നതിന് ലോകബാങ്ക് വായ്പ അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കുമോ ; | ബി) | അണക്കെട്ടു നവീകരിക്കുന്നതിനായി ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ഡാം റീഹാബിലിറ്റേഷൻ ഇംപ്രൂവ്മെന്റ് പദ്ധതിയിലേയ്ക്ക് ജലസേചനവകുപ്പിനായി 111.7 കോടി രൂപയുടെയും വൈദ്യുതി ബോർഡിനുവേണ്ടി 99.470 കോടി രൂപയുടെയും ഉൾപ്പെടെ 211.17 കോടി രൂപയുടെ സംക്ഷിപ്ത പദ്ധതി റിപ്പോർട്ട് കേന്ദ്രജല കമ്മീഷന് സമർപ്പിച്ചു. ഇത് തത്വത്തിൽ ലോകബാങ്ക് അധികൃതർ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ ലോകബാങ്കിന്റെ 80% ലോണായും 20% സംസ്ഥാന സർക്കാരിന്റെ വിഹിതമായി ഉപയോഗിക്കാനുമാണ് തത്വത്തിൽ തീരുമാനിച്ചിരിക്കുന്നത്. |
| സി) പ്രസ്തുത അണക്കെട്ടുകളുടെ നവീകരണ ജോലികൾ എത്ര കാലംകൊണ്ട് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | സി) | 2011 ജനുവരി മുതൽ 6 വർഷം കൊണ്ട് 2016 ഡിസംബർ 31-ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| ഡി) | അണക്കെട്ടുകൾ തകർന്നാൽ ഉണ്ടായേക്കാവുന്ന ദുരന്തത്തിന്റെ വ്യാപ്തിയെക്കുറിച്ചും മുങ്ങുന്ന പ്രദേശങ്ങളെക്കുറിച്ചും ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ ? | ഡി) | ജലസേചനവകുപ്പിന്റെ കീഴിലുള്ള നെയ്യാർ അണക്കെട്ടിന്റെ പഠനം എൻജിനീയറിംഗ് കോളേജ് തിരുവനന്തപുരം നടത്തിയിട്ടുണ്ട്. കൂടാതെ ഈ വർഷംതന്നെ പീച്ചി, വാളയാർ, മലമ്പുഴ എന്നീ അണക്കെട്ടുകളുടെ പഠനം നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 71 — 1.7.2010 -ൽ മറുപടിക്ക്

## പകർച്ചപ്പനികൾ നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ്:<br>" ജി.കാർത്തികേയൻ:<br>" അടൂർ പ്രകാശ്:<br>" കെ.ശിവദാസൻ നായർ: | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യാപകമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പല തരം പകർച്ചപ്പനികൾ നിയന്ത്രിക്കുന്നതിനാവശ്യമായ എന്തൊക്കെ പ്രതിരോധ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്; | (എ) മഴക്കാലത്ത് സംസ്ഥാനത്ത് പകർച്ചപ്പനിയും മറ്റ് സാംക്രമിക രോഗങ്ങളും കൂടുതലായി ഉണ്ടാകുമെന്നുള്ള വസ്തുത കണക്കിലെടുത്ത് സംസ്ഥാന സർക്കാർ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ കാലേകൂട്ടി തന്നെ രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി വിവിധ കർമ്മ പദ്ധതികൾക്ക് രൂപം നൽകുകയും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു. പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇത്തരം പകർച്ചപ്പനിക്കുള്ള പ്രതിരോധ വാക്സിനുകൾ ആവശ്യാനുസരണം ലഭ്യമാണോ;<br>(സി) ഈ വർഷം സംസ്ഥാനത്തിന് പകർച്ചപ്പനി തടയുവാനുള്ള പ്രതിരോധ കുത്തിവയ്പിനുള്ള വാക്സിനുകൾ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിരുന്നുവോ; | (ബി) യും (സി) യും<br>പകർച്ചപ്പനിക്ക് പ്രതിരോധ വാക്സിൻ ലഭ്യമല്ല. എച്ച്1 എൻ1 പനിക്ക് ഉള്ള പ്രതിരോധ വാക്സിൻ ആരോഗ്യ പ്രവർത്തകർക്കു മാത്രം നൽകുവാനാണ് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും ലഭിച്ചത്. ഒന്നാം ഘട്ട വാക്സിൻ മുഴുവൻ ഉപയോഗിക്കുകയും രണ്ടാം ഘട്ട വാക്സിൻ ആരോഗ്യ പ്രവർത്തകർക്ക് നൽകിക്കൊണ്ടിരിക്കുകയുമാണ്. പൊതുജനങ്ങൾക്ക് വേണ്ടി എച്ച്1 എൻ1 പനിയുടെ പ്രതിരോധ വാക്സിൻ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും ഇതുവരെ ലഭ്യമായിട്ടില്ല. |
| (ഡി) ഇപ്രകാരം ലഭ്യമായ പ്രതിരോധ വാക്സിനുകൾ പൂർണ്ണമായും കേരളത്തിൽ ഉപയോഗിച്ചിട്ടുണ്ടായിരുന്നുവോ; | (ഡി) ഒന്നാം ഘട്ട വാക്സിൻ പൂർണ്ണമായും ആരോഗ്യ പ്രവർത്തകർക്ക് നൽകിക്കഴിഞ്ഞു. രണ്ടാംഘട്ട വാക്സിൻ നൽകികൊണ്ടിരിക്കുകയാണ്. |
| (ഇ) ഇല്ലെങ്കിൽ ഇതിനു കാരണമെന്ത്; | (ഇ) ബാധകമല്ല. |
| (എഫ്) കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ സംസ്ഥാനത്ത് പകർച്ചപ്പനിമൂലം എത്ര പേർ മരണമടഞ്ഞു എന്ന് വ്യക്തമാക്കുമോ? | (എഫ്) 2010 ജനുവരി മുതൽ ജൂൺ മാസം 25-ാം തീയതി വരെ സംസ്ഥാനത്ത് എച്ച്1 എൻ1 ബാധിച്ച് 37 പേരും എലിപ്പനി ബാധിച്ച് 14 പേരും ഡെങ്കിപ്പനി ബാധിച്ച് 4 പേരും ചിക്കൻ പോക്സ് ബാധിച്ച് 7 പേരും അഞ്ചാം പനി ബാധിച്ച് 3 പേരും എ.ഡി.ഡി. ബാധിച്ച് 2 പേരും ഹെപ്പറ്റൈറ്റിസ് ബാധിച്ച് 7 പേരും മലമ്പനി ബാധിച്ച് ഒരാളും മരണപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:72 — 1.7.2010ൽ മറുപടിയ്ക്ക്

ജയിൽ മോചിതരാകുന്നവർക്ക് സ്വയംതൊഴിൽ പദ്ധതി

ചോദ്യം — ഉത്തരം

ശ്രീ.എൻ.രാജൻ:
ശ്രീ.രാജാജി മാത്യു തോമസ്:
ശ്രീ.പള്ളിപ്രം ബാലൻ:
ശ്രീ.മാങ്കോട് രാധാകൃഷ്ണൻ:

ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജയിൽ മോചിതരാകുന്നവർക്ക് സ്വയം തൊഴിലിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ എന്നറിയിക്കുമോ; | (എ) | ജയിൽ മോചിതരാകുന്ന മുൻ കുറ്റവാളികളുടെ സാമൂഹ്യ പുനരധിവാസ പദ്ധതിയുടെ ഭാഗമായി സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര തുക വരെ സഹായം നൽകുന്നുണ്ട്; തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | ഇപ്പോൾ 10,000/-രൂപയാണ് പരമാവധി ധനസഹായമായി നൽകുന്നത്. ഈ തുക 25,000/-രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | കുറ്റവാളികളുടെ നിർദ്ധന കുടുംബങ്ങൾക്ക് ബാങ്ക് വായ്പകൾ ലഭ്യമാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ വായ്പയ്ക്ക് എത്ര സബ്സിഡി നൽകുമെന്ന് വെളിപ്പെടുത്തുമോ; | (സി) | കുറ്റവാളികളുടെ നിർദ്ധന കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വായ്പ തുകയുടെ 30% പരമാവധി 10,000/-രൂപ സബ്സിഡിയായി നൽകുന്ന |

| | | | |
|---|---|---|---|
| | | | പദ്ധതി Financial Assistance to Indingent Convict എന്ന പേരിൽ നടപ്പിലാക്കി വരുന്നു. |
| (ഡി) | തടവുകാരുടെ മക്കൾക്കായി വിദ്യാഭ്യാസ ധനസഹായം നൽകാറുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | തടവുകാരുടെ മക്കളുടെ വിദ്യാഭ്യാസത്തിനായി ധനസഹായം നൽകിവരുന്നു. ഒന്ന് മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 500/-രൂപ വീതം ഒരു വർഷം 6000/-രൂപയും +1 മുതൽ ബിരുദ/ഡിപ്ലോമ വരെ 1000/-രൂപ വീതം വർഷം 12,000/-രൂപയും ധനസഹായം നൽകിവരുന്നു. ബന്ധപ്പെട്ട ജയിൽ സൂപ്രണ്ട്മാർ വഴിയാണ് അപേക്ഷ സ്വീകരിക്കുന്നത്. കുട്ടികൾ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നവരും ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരും ആയിരിക്കണം. |

R. Vijayalu

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 73 — 1.07.2010—ൽ മറുപടിക്ക്

## വരൾച്ചയ്ക്ക് ജല സുരക്ഷയിലൂടെ ജനകീയ പ്രതിരോധം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വർക്കല കഹാർ<br>,, എം. എ. വാഹിദ് | ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വരൾച്ചയ്ക്ക് ജല സുരക്ഷയിലൂടെ ജനകീയ പ്രതിരോധം എന്ന പദ്ധതിയുടെ ലക്ഷ്യങ്ങൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; | (എ) സംസ്ഥാനത്തെ മുഴുവൻ ജല സ്രോതസ്സുകളും ജലാശയങ്ങളും ഉൾപ്പെടെയുള്ള ജലസമ്പത്ത് സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ശുദ്ധജലത്തിന്റെ സുരക്ഷിതത്വവും ലഭ്യതയും ഉറപ്പു വരുത്തുകയുമാണ് സുരക്ഷാ പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം.<br>നടത്തിപ്പിലും സമീപനത്തിലും കാതലായ മാറ്റം വിഭാവനം ചെയ്യുന്ന പദ്ധതി 'ജല സുരക്ഷ ജന പങ്കാളിത്തത്തോടെ' എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് നടപ്പാക്കി വരുന്നത്. വിശദാംശങ്ങൾ താഴെ പറയുന്നു.<br>വരൾച്ചയെ നേരിടുന്നതിന് ശാശ്വതമായ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുകയും അവയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയുമാണ് |

പ്രധാന ലക്ഷ്യം. ജല വിഭവ വിനിയോഗം ജനപങ്കാളിത്തത്തോടെ ഫലപ്രദമായി നടപ്പിലാക്കുക എന്നതാണ് ജല സുരക്ഷയിലൂടെ ജനകീയ പ്രതിരോധം എന്ന പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. താഴെപ്പറയുന്ന ലക്ഷ്യങ്ങളിലൂടെ അവ കൈവരിക്കുന്ന തായിരിക്കും.

1. സംസ്ഥാന തലത്തിൽ ഈ വർഷം അനുഭവപ്പെട്ടതുപോലെ വരൾച്ചു് തുടർ വർഷങ്ങളിലും ആവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. അതിനുവേണ്ടി സുസ്ഥിരവും ശുദ്ധവുമായ കുടിവെള്ളം എല്ലാ— വർക്കും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുവാൻ ഉദ്ദേശി— ക്കുന്നു.

2. വരൾച്ച രഹിത പദവിയിലേക്ക് സംസ്ഥാനത്തെ ഉയർത്തുന്നതിന്റെ ഭാഗമായി ജല സുരക്ഷ, പരിസ്ഥിതി സുരക്ഷ എന്നിവയുമായി സംഘടിച്ച് പ്രയത്നിക്കുക.

3. കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കാൻ സജ്ജമാകുക.

4. സംസ്ഥാന ജലനയത്തിൽ മുന്തിയ പരിഗണനയോടെ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന കാര്യമായ ശുദ്ധജല

| | | | |
|---|---|---|---|
| | | | ലഭ്യത സുസ്ഥിരമായി ഉറപ്പു വരുത്തുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച ചുമതല ജല സേചന വകുപ്പിനാണോ എന്ന് വ്യക്തമാക്കുമോ; | (ബി) | ജല സേചന വകുപ്പിനല്ല ചുമതല. എന്നാൽ ജല വിഭവ വകുപ്പിന് കീഴിലുള്ള ജലനിധിയിൽ കമ്മ്യൂണിക്കേഷൻ ആൻറ് കപ്പാസിറ്റി ഡവലപ്പ്മെൻറ യൂണിറ്റ് ആണ് പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. |
| (സി) | ഈ പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | (സി) | ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് അടിസ്ഥാനപരമായി ബോധവൽക്കരണം ആവശ്യമായതിനാൽ ജലനിധിയുടേയും സി സി ഡി യു നേയും ആഭിമുഖ്യത്തിൽ സംസ്ഥാന വ്യാപകമായി പത്ര, എഫ്.എം റേഡിയോ മറ്റ് ദൃശ്യ മാധ്യമങ്ങളിലൂടെ പ്രചാരണ പരിപാടികളും ബോധ വൽക്കരണവും നടത്തി വരുന്നു. കൂടാതെ ടി വകുപ്പുകളുടെ നേതൃത്വത്തിൽ ചർച്ചാ ക്ലാസുകളും സെമിനാറുകളും സംസ്ഥാന വ്യാപക മായി നടത്തിവരുന്നു. പദ്ധതി നിർവ്വഹണത്തിനായി വിവിധ തലങ്ങളിൽ നിർവ്വാഹ സമിതികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |

സംസ്ഥാനത്തുള്ള എല്ലാ ജല സമ്പത്തും സംരക്ഷിക്കുകയും ജല മലിനീകരണം തടഞ്ഞ് ശുദ്ധജലം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഭൂഗർഭ ജല സംരക്ഷ പ്രവർത്തനങ്ങൾക്കായി ഈ വർഷം 5 കോടി രൂപ വകയിരുത്തുകയും ജലനിധി വഴി ഈ പ്രവർത്തനങ്ങൾ നടപ്പാക്കി വരികയുമാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 74

01.07.2010 ൽ മറുപടിയ്ക്ക്

**ആശുപത്രികളിലെ ശുചീകരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. ജോർജ്.എം.തോമസ്<br>ശ്രീ.എ.സി മൊയ്തീൻ | ശ്രീമതി.പി.കെ.ശ്രീമതിടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ)ആശുപത്രികളിലെ ശുചീകരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ജില്ലാ ആശുപത്രി മുതൽ താലൂക്കുതലം വരെയുള്ള ആശുപത്രികളിൽ ഹൗസ്കീപ്പിംഗ് കമ്മിറ്റികൾ രൂപീകരിച്ച് ശുചീകരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകുന്നുണ്ട് ആശുപത്രി ശുചിയായി സൂക്ഷിക്കുന്നതിന് രോഗികൾ, കൂട്ടിരിപ്പുകാർ സന്ദർശകർ എന്നിവർക്ക് ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട് .ആശുപത്രിക്കകത്ത് പ്ലാസ്റ്റിക് സാമഗ്രികൾ നിരോധിച്ചു. ജീവനക്കാർക്ക് ശുചീകരണസംവിധാനങ്ങളെക്കുറിച്ച് തുടർ പരിശീലനപരിപാടി സംഘടിപ്പിച്ചു നടത്തിവരുന്നു.<br>ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് സ്റ്റെറിലൈസേഷൻ, മോർച്ചറി സർവീസ് തുടങ്ങിയ ജോലികൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>ഡയറ്ററി സർവീസ്,ഡ്രെയിനേജ് & വാട്ടർ സപ്ലൈ, ലാൻട്രി സർവീസ് ,സോഷ്യൽ ഡിസിപ്ലിൻ എന്നിവയുടെ മേൽനോട്ടം വഹിക്കുന്നതിനുവേണ്ടി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. |

ആശുപത്രികളുടെ പരിസരം വൃത്തിയാക്കുന്നതിനും കോമ്പൗണ്ടിലുള്ള ഓടകൾ വൃത്തിയാക്കുന്നതിനും വേണ്ടി പാർട്ട് ടൈം ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം ആശുപത്രികളിൽ ഹൗസ് കീപ്പിംഗ്കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്; കമ്മിറ്റിയുടെ ചുമതലകൾ എന്തെല്ലാമാണ്;

(ബി) മെഡിക്കൽ കോളേജുകൾ ,ജനറൽ ആശുപത്രികൾ , ഐ.എം.സി.എച്ച് ജില്ലാ ആശുപത്രികൾ താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഹൗസ്കീപ്പിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

<u>കമ്മിറ്റിയുടെ ചുമതലകൾ</u>

1. ആശുപത്രി ശുചിയായി സൂക്ഷിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും അവ നടപ്പിലാക്കുകയും ചെയ്യുക, ഒ.പി. , കാഷ്വാലിറ്റി എന്നിവിടങ്ങളിലെ അടിയന്തിരസാഹചര്യം നേരിടുന്നതിനാവശ്യമായ ശുചീകരണ സംവിധാനങ്ങൾ ഒരുക്കുക, ജനറൽ ഇൻഫർമേഷൻ കൗണ്ടർ പ്രവർത്തിപ്പിക്കുക
2. കൂട്ടിരിപ്പുകാരേയും സന്ദർശകരേയും നിയന്ത്രിക്കുന്നതിന് സെക്യൂരിറ്റി ജീവനക്കാരുമായി സഹകരിച്ച് വേണ്ട നടപടി സ്വീകരിക്കുക
3. ബയോമെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കുക
4. ഓപ്പറേഷൻ തീയറ്ററുകൾ യഥാസമയം അണുനശീകരണം നടത്തി എന്ന് ഉറപ്പു വരുത്തുക
5. സെൻട്രൽ സ്റ്ററിലൈസേഷൻ ഡിപ്പാർട്ടമെൻറിന് മേൽനോട്ടം വഹിക്കുക
6. ജനന മരണ വിശദാംശങ്ങൾ യഥാസമയം ബന്ധപ്പെട്ടവർക്ക് കൈമാറി എന്ന് ഉറപ്പു വരുത്തുക
7. ആശുപത്രികളിൽ വിതരണത്തിനുള്ള ആഹാര സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക
8. കുടിവെള്ള ഗുണനിലവാരം ഉറപ്പുവരുത്തുക

9. ഡ്രയിനേജ് & വാട്ടർ സപ്ലൈ തുടങ്ങിയവ സംബന്ധിച്ചുണ്ടാകുന്ന പരാതികൾ പരിഹരിക്കുക

10. പകർച്ചവ്യാധികൾ ഉൾപ്പെടെയുളളവയുടെ സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കുക

11. ക്ലീനിംഗ് സ്റ്റാഫ് വാർഡുകളിൽ/പരിസരം യഥാവിധി വൃത്തിയാക്കുന്നതിനുവേണ്ടി അവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക

| | |
|---|---|
| (സി) എല്ലാ ആശുപത്രികളിലും ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ടോ? | (സി) ഉണ്ട് . |
| (ഡി) ആശുപത്രി മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് എല്ലാ ആശുപത്രികളിലും സംവിധാനം ഏർപ്പെടുത്തുമോ ; | (ഡി) മാലിന്യ സംസ്ക്കരണത്തിനാവശ്യമായ സംവിധാനം ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) ശുചീകരണ ജോലികൾ നിർവഹിക്കുന്ന ജീവനക്കാരുടെ ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 75 | 01-07-2010-ൽ മറുപടിയ്ക്ക്

## സ്പോർട്ട്സ് കമ്മീഷന്റെ പ്രധാന ശുപാർശകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം.യൂസഫ്:<br>ശ്രീ.കെ.കുഞ്ഞിരാമൻ:<br>ശ്രീ.രാജു എബ്രഹാം:<br>ശ്രീ.എ. എം.ആരിഫ്: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>സ്പോർട്ട്സ് കമ്മീഷന്റെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ് ; | (എ)<br>അനുബന്ധമായി ചേർക്കുന്നു. |
| (ബി)<br>ഇതു നടപ്പിലാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) പ്രസ്തുത റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും അതിലെ ശിപാർശകളിന്മേൽ തുടർ നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (സി)<br>2010 സ്പോർട്ട്സ് വർഷമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണ്; | (സി) വിശദ വിവരം അനുബന്ധം II ആയി ചേർക്കുന്നു. |
| (ഡി)<br>പ്രസ്തുത പദ്ധതികൾക്കായി എത്ര കോടി രൂപ ചെലവഴിക്കും എന്ന് വെളിപ്പെടുത്തുമോ ; | (ഡി) പദ്ധതി പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആകെ ചെലവ് കണക്കാക്കപ്പെട്ടില്ല. |

(ഇ)
ഈ വർഷത്തെ ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമായ 'ഗോ-ഫോർ ഗോൾഡ്' പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്)
ഇതിനു വേണ്ടി വിദേശ കോച്ചുകളെ പങ്കെടുപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

(ഇ) & (എഫ്)

2016-ൽ റിയോഡി ജനീറോയിൽ നടക്കാനിരിക്കുന്ന ഒളിമ്പിക്സിൽ അത്‌ലറ്റിക്സ് ഇനത്തിൽ ഒരു മെഡൽ നേടുക എന്ന ലക്ഷ്യം വച്ച് ഒളിമ്പ്യൻ ശ്രീ.സുരേഷ് ബാബുവിന്റെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സമിതി തയ്യാറാക്കിയ പദ്ധതിയാണ് ഗോ-ഫോർ -ഗോൾഡ്. പ്രസ്തുത പദ്ധതിയുടെ കീഴിൽ EATC (Elite Athletic Training Centre) ആരംഭിക്കുന്നതിനും അത് വഴി സംസ്ഥാനത്തെ അന്തർദേശീയ മത്സരങ്ങൾക്ക് തയ്യാറെടുപ്പുകൾ നടത്താൻ മികച്ച സൗകര്യങ്ങൾ ഒരുക്കുന്നതിന് ഉള്ള നിർദ്ദേശങ്ങളുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പരിശോധിച്ച് വരികയാണ്. കൗൺസിലിന്റെ അഭിപ്രായം ലഭിച്ചു കഴിഞ്ഞാൽ ഈ പദ്ധതിയ്ക്ക് സർക്കാർ തലത്തിൽ അന്തിമ രൂപം നൽകുന്നതാണ്. ആ സമയത്ത് ആവശ്യകത അനുസരിച്ച് വിദേശ കോച്ചുകളെ കൂടി പങ്കെടുപ്പിക്കുന്ന കാര്യം ആലോചിക്കേണ്ടതാണ്.

[signature]
സെക്ഷൻ ഓഫീസർ.

സന്ദേശം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 76 — 01-07-2010-ൽ മറുപടിയ്ക്ക്

സ്പോർട്ട്സ് കൗൺസിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.പ്രകാശൻ മാസ്റ്റർ:<br>ശ്രീ.സാജു പോൾ:<br>ശ്രീ.വി.എൻ.വാസവൻ:<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) സ്പോർട്ട്സ് കൗൺസിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) സ്പോർട്സ് ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന - ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി നിലവിൽ വരികയുണ്ടായി. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചു വരുന്നു. കൗൺസിലുകളിലെ സെക്രട്ടറിമാരൊഴികെയുള്ള ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിടുന്നതിനുള്ള നിയമ നിർമ്മാണം നടത്തി. കൂടാതെ, ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ സെക്രട്ടറിമാരെ നിയമിച്ച് ജില്ലാ കൗൺസിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി. |
| (ബി) പഞ്ചായത്തുതല സ്പോർട്ട്സ് കൗൺസിലുകളുടെ രൂപീകരണം പൂർത്തിയായിട്ടുണ്ടോ ; | (ബി) പൂർത്തിയായി വരുന്നു. |

| | |
|---|---|
| (സി)<br>ഈ സർക്കാർ വന്ന ശേഷം വൻ മുതൽ മുടക്കുള്ള ഏതൊക്കെ പദ്ധതികൾക്ക് സ്പോർട്ട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ ; | (സി)<br>1) ഫുട്ബോൾ അക്കാഡമി & ജില്ലാ സ്പോർട്സ് കോംപ്ലക്സ്, മലപ്പുറം - 11 കോടി.<br>2) ജിനചന്ദ്ര സ്റ്റേഡിയം, വയനാട് - 108 ലക്ഷം.<br>3) ഇൻഡോർ സ്റ്റേഡിയം, പാലക്കാട് - 13.25 കോടി.<br>4) ഇൻഡോർ സ്റ്റേഡിയം, കാസർഗോഡ് - എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. |
| (ഡി)<br>ഒരു വാർഡിൽ ഒരു കളിസ്ഥലം, ഒരു പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയം/ ഒരു നീന്തൽക്കുളം എന്ന പദ്ധതി വിജയിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ;<br><br>(ഇ)<br>പ്രസ്തുത പദ്ധതിയ്ക്കായി സർക്കാർ നൽകിയിട്ടുള്ള സാമ്പത്തിക സഹായം എത്രയാണ് ? | (ഡി) യും (ഇ) യും.<br>ഒരു വാർഡിൽ ഒരു കളിസ്ഥലം, ഒരു പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയം/ ഒരു നീന്തൽക്കുളം എന്ന പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി 5,72,41,000/- രൂപയുടെ പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 77 — 01-07-2010-ൽ മറുപടിയ്ക്ക്

35-ാമത് ദേശീയ ഗെയിംസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ:<br>ശ്രീ.അൽഫോൺസ് കണ്ണന്താനം:<br>ശ്രീ.പി.കൃഷ്ണപ്രസാദ്:<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>35- ാമത് ദേശീയ ഗെയിംസ് കേരളത്തിൽ വെച്ചു നടത്തുന്നതുമായി ബന്ധപ്പെട്ട് ഇതിനകം നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | (എ) 35-ാമത് ദേശീയ ഗെയിംസ് കേരളത്തിൽ വെച്ചു നടത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി "നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ്" രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അടിസ്ഥാന വികസനത്തിന്റെ ഭാഗമായി നിലവിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണം, പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി സംസ്ഥാനത്തെ 7 ജില്ലകളിലെ 18 സ്ഥലങ്ങളിലായി 33 പ്രവൃത്തികൾക്ക് വിശദമായ രൂപരേഖയുടെ അടിസ്ഥാനത്തിൽ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 7 പ്രവൃത്തികളുടെ ദർഘാസ് നടപടി ക്രമങ്ങൾ പൂർത്തീകരിക്കുകയും പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന പ്രവൃത്തികളുടെ ദർഘാസ് വിവിധ ഘട്ടങ്ങളിലാണ്.<br>കൂടാതെ, പുതിയ ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെയും ഗെയിംസ് വില്ലേജിന്റെയും നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി രൂപരേഖ തയ്യാറായി വരുന്നു. ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെ നിർമ്മാണം ആന്വിറ്റി അടിസ്ഥാനത്തിലാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്. ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെ നിർമ്മാണവുമായി |

ബന്ധപ്പെട്ട് ടെൻഡർ മുഖേന 8 കമ്പനികളുടെ ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരിൽ നിന്നും മികച്ച പദ്ധതി രൂപരേഖ സമർപ്പിക്കുന്ന കമ്പനിയെ നിർമ്മാണ ചുമതല ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്നുണ്ട്.

(ബി) ദേശീയ ഗെയിംസ് നടത്തുന്ന തീയതി സംബന്ധിച്ച് തീരുമാനമായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) 35-ാമത് ദേശീയ ഗെയിംസിന്റെ തീയതി ഇതു വരെ പുനർ നിശ്ചയിച്ചിട്ടില്ല. ഇൻഡ്യൻ ഒളിമ്പിക്സ് അസോസിയേഷനാണ് തീയതി നിശ്ചയിക്കേണ്ടത്.

(സി) ഗെയിംസ് നടത്തുന്നതിന് എത്ര കോടി രൂപയുടെ മതിപ്പു ചെലവാണ് പ്രതീക്ഷിക്കുന്നത്; ഗെയിംസ് നടത്തിപ്പിന് കേന്ദ്രം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്;

(സി) 35-ാമത് ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി 400 കോടി രൂപയോളം ചെലവ് പ്രതീക്ഷിയ്ക്കുന്നു. ഇതിൽ കേന്ദ്ര വിഹിതമായി 220 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 110 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ഗെയിംസുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിൽ നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഗെയിംസ് നടത്തിപ്പിനായി സംസ്ഥാനത്തെ 7 ജില്ലകളിലായി 21 സ്റ്റേഡിയങ്ങളാണ് സംസ്ഥാന സർക്കാർ വികസിപ്പിക്കുന്നത്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

ഇവ കൂടാതെ ശ്രീപാദം സ്റ്റേഡിയം (ആറ്റിങ്ങൽ), പിരപ്പൻകോട് നീന്തൽക്കുളം, ആലപ്പുഴ മുനിസിപ്പൽ സ്റ്റേഡിയം എന്നിവയുടെ ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങളും നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (ഇ) ഗെയിംസിൽ പങ്കെടുക്കുന്ന കേരള ടീമിനെ മികവുറ്റതാക്കുന്നതിന് പ്രത്യേക പരിശീലനം നൽകാൻ പദ്ധതി ആവിഷ്ക്കരിക്കുമോ ? | (ഇ) | കേരളാ ടീമിനെ 35-ാം ദേശീയ ഗെയിംസിൽ പങ്കെടുപ്പിക്കുന്നതിനും അവർക്കു വേണ്ട പരിശീലനം നൽകുന്നതിനും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. കേരള ഗെയിംസ് നടത്തി അതിൽ നിന്നും സംസ്ഥാന ടീമിനെ തിരഞ്ഞെടുക്കുന്നതിനാണ് കൗൺസിൽ പദ്ധതി തയ്യാറാക്കി വരുന്നത്. വിദഗ്ദരായ വിദേശ കോച്ചുകൾ ഉൾപ്പെടെയുള്ളവരുടെ സേവനം ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

നവീകരിക്കുന്ന സ്റ്റേഡിയങ്ങൾ

1. യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം.
2. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം.
3. ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം.
4. ട്രിവാൻഡ്രം ടെന്നിസ് ക്ലബ്ബ്, തിരുവനന്തപുരം.
5. ശംഖുമുഖം ഇൻഡോർ ഹാൾ (ഐ.ആർ.സി.), തിരുവനന്തപുരം.
6. വാട്ടർ അതോറിറ്റി നീന്തൽകുളം, തിരുവനന്തപുരം.
7. കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം.
8. രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, എറണാകുളം.
9. കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ.
10. വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്.
11. വി.കെ.എൻ. മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ.
12. കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട്.
13. സെൻട്രൽ സ്റ്റേഡിയം, തിരുവനന്തപുരം.

പുതിയ സ്റ്റേഡിയങ്ങൾ

1. സ്ക്വാഷ് കോർട്ട്, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം.
2. ഹോക്കി സ്റ്റേഡിയം, കൊല്ലം.
3. ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ.
4. ഷൂട്ടിങ്ങ് റെയിഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം.
5. ഫുട്ബോൾ സ്റ്റേഡിയം, മെഡിക്കൽ കോളേജ് സ്റ്റേഡിയം, കോഴിക്കോട്.
6. ഇൻഡോർ സ്റ്റേഡിയം, വട്ടിയൂർക്കാവ്, തിരുവനന്തപുരം.
7. പുതിയ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്.
8. കാര്യവട്ടം യൂണിവേഴ്സിറ്റി കാമ്പസ് സ്റ്റേഡിയം, തിരുവനന്തപുരം.

S.O

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 78

01.07.2010-ൽ മറുപടിക്ക്.

### വൻകിട പദ്ധതികൾ സംബന്ധിച്ച ധാരണാപത്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ഷാജു :<br>ശ്രീ. കെ.ബി. ഗണേഷ് കുമാർ :<br>ശ്രീ. തോമസ് ചാണ്ടി : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം വൻകിട പദ്ധതികൾ സംബന്ധിച്ച ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; ഇവയിൽ എത്ര പദ്ധതികൾ പ്രവർത്തനം ആരംഭിച്ചു ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 66 വൻകിട ഇടത്തരം പദ്ധതികൾ സംബന്ധിച്ച ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഇവയിൽ 9 പദ്ധതികൾ പൂർത്തിയാക്കി. ഏതാണ്ട് 16 പദ്ധതികൾ നിർമ്മാണ ഘട്ടത്തിലാണ്. |
| (ബി) പുതുതായി എത്ര വൻകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചു ; ഇവയുടെ മുതൽമുടക്ക് എത്ര വീതമാണ് ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 245.17 കോടി രൂപ മുതൽ മുടക്കിൽ 13 വൻകിട വ്യവസായങ്ങളും 48.44 കോടി രൂപ മുതൽ മുടക്കിൽ 8 ഇടത്തരം വ്യവസായങ്ങളും ആരംഭിക്കുകയുണ്ടായി. കൂടാതെ 81219.21 ലക്ഷം രൂപ മുതൽ മുടക്കിൽ കെ.എസ്.ഐ.ഡി.സി 39 പദ്ധതികളും, കിൻഫ്ര 331 കോടി രൂപ മുതൽ മുടക്കിൽ കേന്ദ്ര പൊതുമേഖലയിൽ 3 പദ്ധതികളും 3523.76 കോടി രൂപ മുതൽ മുടക്കിൽ സ്വകാര്യ മേഖലയിൽ 215 പദ്ധതികളും ആരംഭിക്കുകയുണ്ടായി. |
| (സി) വ്യവസായികളെ കേരളത്തിലേക്ക് ആകർഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ? | (സി) വ്യവസായികളെ കേരളത്തിലേക്ക് ആകർഷിക്കാൻ ഇൻഡ്യയിലെ പ്രമുഖ നഗരങ്ങളിലും കേരളത്തിലെ വിവിധ ജില്ലകളിലും നിക്ഷേപക സംഗമങ്ങൾ നടത്തുവാനും, കൂടാതെ വ്യവസായ തീവ്രത സഹായ പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിലും വ്യവസായ മേളകൾ/ എക്സിബിഷൻ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ചെറുകിട സംരംഭകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വിത്തു മൂലധന വായ്പ ലഭ്യമാക്കുക, പശ്ചാത്തല |

സൗകര്യങ്ങളുടെ വികസനം നടപ്പിൽ വരുത്തുക, നിക്ഷേപ സഹായധനം നൽകുക, കേരള സംസ്ഥാന ചെറുകിട വ്യവസായ വികസന കോർപ്പറേഷനു സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ മൊത്തത്തിലുള്ള വികസനത്തിനു വേണ്ട പശ്ചാത്തല സൗകര്യവും വിപണന സഹായവും നൽകികൊണ്ട് പദ്ധതികൾ നടപ്പിലാക്കുക, സാങ്കേതിക വിദ്യയും നവീകരണ പരിപാടിയിൻകീഴിൽ ഗവേഷണ വികസന കേന്ദ്രങ്ങൾ നടപ്പിൽ വരുത്തുക, കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ വ്യവസായ മേഖലയിൻ കീഴിൽ അവബോധം സൃഷ്ടിക്കുക, ഫുഡ് പാർക്കുകളിൽ പൊതു സൗകര്യം സേവന കേന്ദ്രങ്ങൾ സ്ഥാപിച്ച് വ്യവസായികളെ ആകർഷിക്കുക, വ്യവസായ സംരംഭങ്ങളിലെ ഉൽപ്പന്നങ്ങളുടെ ഉത്പാദനത്തിന് പ്രോൽസാഹനം നൽകുക, ചെറുകിട വ്യവസായ ക്ലസ്റ്റർ വികസന പരിപാടിയിൻ കീഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക, സ്ത്രീ സംരംഭകർക്ക് വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയിൻ കീഴിൽ വിപണനം, പരിശീലനം, വ്യവസായം തുടങ്ങുന്നതിനുള്ള മൂലധന വായ്പാ ഗ്രാന്റ് എന്നിവ നൽകുക. കെ.എസ്.ഐ.ഡി.സി-യുടെയും കിൻഫ്രയുടെയും ആഭിമുഖ്യത്തിൽ ഇൻഡ്യയിലെ പ്രമുഖ നഗരങ്ങളിലും കേരളത്തി-ലും നിക്ഷേപക സംഗമങ്ങൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ രാജ്യത്തിനകത്തും വിദേശ രാജ്യങ്ങളിലും നടക്കാൻ സാദ്ധ്യതയുള്ള വിവിധ എക്സിബിഷനുകളിൽ പങ്കെടുക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.79

1.7.2010ൽ മറുപടിയ്ക്ക്

കേരള സാമൂഹ്യ സുരക്ഷാമിഷൻ

ചോദ്യം

ശ്രീ.കെ.കുഞ്ഞിരാമൻ:
ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി:
ശ്രീ.പി.ചെന്താമരാക്ഷൻ:
ശ്രീ.എം.ജെ.ജേക്കബ്:

ഉത്തരം

ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:<br>1. സംസ്ഥാനത്തെ അശരണരും ആലംബഹീനരും, പാവപ്പെട്ടവരും, വൃദ്ധർ, കുട്ടികൾ, സ്ത്രീകൾ, ഗുരുതരമായ രോഗബാധിതരായവർ, ക്യാൻസർ ബാധിതർ തുടങ്ങി സമൂഹത്തിൽ സഹായവും സുരക്ഷയും ആവശ്യമുള്ള എല്ലാവർക്കും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുക.<br>2. സംസ്ഥാനത്തെ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. |

| | | | |
|---|---|---|---|
| | | | 3. സർക്കാർ ആശുപത്രികളിൽ നിന്നും രോഗം ഭേദമായി വിട്ടയയ്ക്കുന്ന ആശ്രിതരില്ലാത്ത രോഗികളെ പുനരധിവസിപ്പിക്കുക.<br>4. വിവിധ സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് ഗവേഷണം നടത്തുകയും പ്രശ്ന പരിഹാരത്തിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക.<br>5. സാമൂഹ്യ പഠനങ്ങൾ, ആരോഗ്യം, ശാസ്ത്രം, സാങ്കേതിക പഠനങ്ങൾ, പരിസ്ഥിതി പഠനങ്ങൾ എന്നിവയുടെ ഡോക്യുമെൻറേഷൻ നടത്തുക.<br>6. സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുക.<br>7. സംസ്ഥാനത്തിൻെറ എല്ലാ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെയും പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഏജൻസിയായി പ്രവർത്തിക്കുക. |

| | | | |
|---|---|---|---|
| | | | 8. മുകളിൽ ചേർത്തിട്ടുള്ള എല്ലാം പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക. |
| (ബി) | മിഷന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം;<br><br>(സി) അഗതികളുടെ സംരക്ഷണത്തിനായി മിഷൻ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി)യും (സി)യും | 1. **ഹംഗർഫ്രീ സിറ്റി പദ്ധതി:-** കോഴിക്കോട് മെഡിക്കൽ കോളേജിലെ അന്തേവാസികളായ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും സൗജന്യ ഉച്ചഭക്ഷണം നൽകുന്നതിനായി തുടങ്ങിയ പദ്ധതിയാണിത്.<br>2. **വികലാംഗർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന പദ്ധതി.**<br>3. **വയോജനങ്ങൾക്കുള്ള പദ്ധതി:-**<br>എ) വൃദ്ധജനങ്ങൾക്ക് എല്ലാ ജില്ലകളിലും വിശ്രമസങ്കേതം ഒരുക്കുക.<br>ബി) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ വൃദ്ധജനങ്ങൾക്കായുള്ള ഒമ്പതാം വാർഡ് പുതുക്കി പണിയുക.<br>സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വൃദ്ധമന്ദിരങ്ങൾക്ക് സ്റ്റാഫിനെ നിയമിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | സഹായിക്കുന്നു.<br>ഡി) സർക്കാരിൻെറ കീഴിൽ പ്രവർത്തിക്കുന്ന സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ നവീകരണം.<br>4. **കാരുണ്യ സമ്പാദ്യ പദ്ധതി:-** ഒരു ലക്ഷം രൂപയോ അതിൻെറ ഗുണിതങ്ങളോ ആയ ഡിപ്പോസിറ്റുകൾ സന്നദ്ധരായ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സ്വീകരിക്കുകയും ഇതിൻെറ പലിശ ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്ക് വേണ്ടി ഉപയോഗിക്കുന്നതിനുമുള്ള പദ്ധതി.<br>5. **ക്യാൻസർ സുരക്ഷാ പദ്ധതി:-** സംസ്ഥാനത്തുള്ള 18 വയസ്സിനു താഴെ മാത്രം പ്രായം വരുന്ന ക്യാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ.<br>6. **ആശ്രയ പദ്ധതി:-** ബഡ്സ് സ്കൂളുകൾക്കും ട്രൈബൽ ആശ്രയ യൂണിറ്റിനും സഹായ ഹസ്തം നൽകുന്ന പദ്ധതി.<br>7. **സാമൂഹ്യ സുരക്ഷാ കേന്ദ്രങ്ങളിലേക്ക് കെയർ ഗിവേഴ്സിനെ നൽകുന്ന പദ്ധതി.**<br>8. **അന്നദായിനി സ്കീം:-** ഒരു നേരത്തെ ഭക്ഷണത്തിന് ബുദ്ധിമുട്ടനുഭവിക്കുന്ന നിലമ്പൂരിലെ |

| | | | |
|---|---|---|---|
| | | | ആദിവാസികൾക്ക്<br>ഉച്ചഭക്ഷണം നൽകുന്ന<br>പദ്ധതി.<br>9. **പേമെൻറ് ഗേറ്റ് വേ:-**<br>സാമൂഹ്യ സുരക്ഷാ മിഷന്റെ<br>വെബ്സൈറ്റുകൾ മുഖേന,<br>അർഹരായവർക്ക് സാമൂഹ്യ<br>സുരക്ഷാ ഉറപ്പു<br>വരുത്തുന്നതിന്<br>താല്പര്യമുള്ളവരിൽ നിന്നും<br>സംഭാവനകൾ<br>സ്വീകരിക്കുവാനുള്ള പദ്ധതി.<br>10. **കുട്ടികളിലെയും കൗമാര<br>പ്രായക്കാർക്കുമിടയിലുള്ള<br>ആത്മഹത്യാ പ്രവണത<br>തടയുന്നതിനുള്ള കർമ്മ<br>പദ്ധതി**<br>11. **ആദിവാസി കേന്ദ്രങ്ങളിലുള്ള<br>വയറ്റാട്ടികൾക്ക് ട്രെയിനിംഗ്<br>നൽകുന്നതിലേക്കുള്ള<br>പദ്ധതി.**<br>12. **വിവാഹധൂർത്ത്<br>തടയുന്നതിനും പെൺ<br>കുട്ടികളെ<br>സംരക്ഷിക്കുന്നതിനുമായി<br>ജനങ്ങളെ<br>ബോധവൽക്കരിക്കുക.**<br>13. **താലോലം പദ്ധതി:-** 18<br>വയസ്സിനു താഴെ പ്രായമുള്ള<br>രണ്ട് ലക്ഷം രൂപയിൽ താഴെ<br>സാമ്പത്തിക വരുമാനമുള്ള<br>കുടുംബത്തിലെ കുട്ടികൾക്ക്<br>എല്ലാ തരത്തിലുമുള്ള<br>മാരകരോഗങ്ങളും<br>സൗജന്യമായി<br>ചികിത്സിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | വേണ്ടിയുള്ള പദ്ധതി.<br><br>14. **ആശ്വാസകിരണം:** ശയ്യാവലംബരായിട്ടുള്ള രോഗികളെ പരിചരിക്കുന്നവർക്ക് പ്രതിമാസം 250/-രൂപ വീതം ധനസഹായം നൽകുന്നു.<br>15.**അവിവാഹിതരായ അമ്മമാർക്ക് പ്രതിമാസം 300/-രൂപ പെൻഷൻ നൽകുന്ന പദ്ധതി.** |
| (ഡി) | മിഷൻെറ പൈലറ്റ് പ്രോജക്ട് കോഴിക്കോട് ആരംഭിച്ച പട്ടിണി രഹിത നഗരം പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. പട്ടിണിരഹിത നഗരം പദ്ധതിയുടെ പ്രവർത്തനം 26.1.2009 മുതൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആരംഭിക്കുകയും 31.1.2010 വരെ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ ഉച്ചഭക്ഷണം വിതരണം നടത്തുകയും ചെയ്തു. ഈ പദ്ധതിയുടെ മോണിറ്ററിംഗിനായി കോഴിക്കോട് മേയർ ചെയർമാനായി ഒരു മോണിട്ടറിംഗ് കമ്മിറ്റി സംഘടിപ്പിച്ചിട്ടുണ്ട്. 31.1.2010 ന് ശേഷം ഈ പദ്ധതി കോഴിക്കോട് കോർപ്പറേഷൻ നേരിട്ട് നടപ്പിലാക്കി വരുന്നു. |
| (ഇ) | പദ്ധതി കൂടുതൽ നഗരങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുമോ; | (ഇ) | ഈ പദ്ധതി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ സർക്കാർ ആലോചിച്ച് വരുന്നു. |
| (എഫ്) | പുതുതായി ആരംഭിച്ച ആശ്വാസകിരണം പദ്ധതിയുടെ വിശദാംശം | (എഫ്) | ശയ്യാവലംബരായിട്ടുള്ള രോഗികളെ പരിചരിക്കുന്നവർക്ക് പ്രതിമാസം 250/-രൂപ വീതം |

| | | | |
|---|---|---|---|
| | നൽകുമോ; | | ധനസഹായം നൽകുന്ന പദ്ധതിയാണിത്. വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു. |
| (ജി) | പദ്ധതിയുടെ പ്രയോജനം അർഹരായ എല്ലാവർക്കും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ജി) | സ്വീകരിക്കുന്നതാണ്. |

R. Vijayakumar

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 80

01.07.2010-ൽ മറുപടിക്ക്.

## കിനാലൂരിലെ വ്യവസായ സംരംഭങ്ങൾ നേരിടുന്ന പ്രതിബന്ധങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ. റഹിം :<br>ശ്രീ. പി. വിശ്വൻ :<br>ശ്രീമതി. കെ.കെ. ലതിക :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കിനാലൂരിൽ കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷന്റെ കൈവശമുള്ള സ്ഥലത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി എത്ര ചെറുകിട വ്യവസായികൾ സന്നദ്ധത അറിയിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (എ) കിനാലൂരിൽ കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷന് (സിഡ്കോ) സ്ഥലം അനുവദിച്ചിട്ടില്ല. |
| (ബി) ഇവിടെ മലേഷ്യൻ കമ്പനിയുടെ പദ്ധതി നടപ്പാക്കാൻ കഴിയാതിരുന്നതു എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (ബി) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കിനാലൂരിലെ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ മലേഷ്യൻ കമ്പനി നിർദ്ദേശിച്ച പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ സമയബന്ധിതമായി നിർമ്മിച്ചുകൊടുക്കുവാനുള്ള കാലതാമസവും മലേഷ്യൻ കമ്പനിയുടെ ആഭ്യന്തര പ്രശ്നങ്ങളും കാരണമാണ് ഈ പദ്ധതി നടപ്പിലാക്കാൻ കഴിയാതിരുന്നത്. |
| (സി) വ്യവസായ പാർക്കിലേക്കുള്ള റോഡിന്റെ വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; എത്ര പേർ സ്ഥലം വിട്ടുനൽകുന്നതിനുള്ള സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട് ; | (സി) കോഴിക്കോട് നിന്ന് കിനാലൂരിലെ വ്യവസായ വളർച്ചാ കേന്ദ്രം വരെ നാലുവരിപ്പാത നിർമ്മാണത്തിനുവേണ്ടിയുള്ള 'റോഡ് അലൈൻമെന്റ് സർവ്വേ' ആരംഭിച്ചുകഴിഞ്ഞു. 114 പേർ സ്ഥലം വിട്ടു നൽകുന്നതിനുള്ള സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. |
| (ഡി) ഭൂമി ഏറ്റെടുക്കുന്നതിനു സർക്കാർ മുന്നോട്ടു വച്ച പാക്കേജിന്റെ വിശദാംശം നൽകുമോ ; | (ഡി) ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം പാക്കേജ് രൂപപ്പെടുത്തുന്നതിന്റെ ചുമതല ജില്ലാ കളക്ടർക്കാണ്. നിയമാനുസൃതമായി ഇത് തയ്യാറാക്കുന്നതാണ്. |

(തുടർച്ച....2)

| | |
|---|---|
| (ഇ) റോഡ് വികസനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ? | (ഇ) ചർച്ചയിലൂടെ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 81 | 01.07.2010 ൽ മറുപടിയ്ക്ക് |

## ഖാദിമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി എം.എൽ.എ. | ശ്രീ. എളമരം കരീം |
| " സി.കെ.പി. പത്മനാഭൻ " | (ബഹു. വ്യവസായ വകുപ്പ് മന്ത്രി) |
| " പി.പി. അബ്ദുള്ളക്കുട്ടി " | |
| " പ്രൊഫ. സി. രവീന്ദ്രനാഥ് " | |

| | |
|---|---|
| (എ) ഖാദിമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ഖാദി മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നു:<br><br>(1) വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10% റിബേറ്റ് അനുവദിച്ചു. റിബേറ്റ് കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർത്തു. 2006-07 വർഷം 430 ലക്ഷം രൂപയും 2007-08 വർഷം 404.75 ലക്ഷം രൂപയും 2008-09 -ൽ 500 ലക്ഷം രൂപയും 2009-10 -ൽ 550 ലക്ഷം രൂപ വീതവും അനുവദിച്ചു. 2010-11-ൽ 550 ലക്ഷം രൂപയും റിബേറ്റിനത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതുമൂലം ഖാദി മേഖലയ്ക്ക് പുത്തൻ ഉണർവ് ഉണ്ടായിട്ടുണ്ട്.<br>2. ഖാദി തൊഴിലാളികളുടെ വേതനം 2007 മുതൽ 25% വും 2009 മുതൽ 50% വും വർദ്ധിപ്പിച്ചു. മിനിമം വേതനം നടപ്പിലാക്കി. ഖാദി തൊഴിലാളികൾക്ക് നൽകിവരുന്ന ഉൽപ്പാദന ഇൻസെന്റീവ് നൂൽപ്പിന് 2007 മുതൽ 10 പൈസയിൽ നിന്ന് 20 പൈസയായും 2009 മുതൽ 20 പൈസയിൽ നിന്ന് 30 പൈസയായും നെയ്ത്തിന് യഥാക്രമം 40 പൈസയിൽ |

നിന്ന് 55 പൈസയായും 55 പൈസയിൽ നിന്ന് 90 പൈസയായും വർദ്ധിപ്പിച്ചു. മുടക്കം കൂടാതെ ഖാദി തൊഴിലാ ളികൾക്ക് പഞ്ഞിയും നൂലും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. ഏറ്റുകുടുക്ക സ്ലൈവർ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി.

3. ഖാദി തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് സർക്കാർ വിഹിതമായ രണ്ട് കോടി രൂപ അനുവദിച്ച് നൽകി.

4. സംസ്ഥാനത്തെ മുഴുവൻ ഖാദി തൊഴിലാളികൾക്കും ഇതാദ്യമായി 250 രൂപ വീതം ഓണക്കാലത്ത് ഉത്സവബത്ത നൽകുകയും പിന്നീട് ഈ തുക വർദ്ധിപ്പിച്ച് 300 രൂപയാക്കുകയും ചെയ്തു.

5. ഖാദി സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റായി 2007-08 വർഷം 50 ലക്ഷം രൂപയും 2008-09 വർഷം 20 ലക്ഷം രൂപയും 2009-2010 വർഷം 20 ലക്ഷം രൂപയും അനുവദിച്ചു. ഇതിലൂടെ 19 ഖാദി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

6. ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണത്തിന് ഗ്രാന്റായി 2007-08 വർഷം 50 ലക്ഷം രൂപയും 2008-09 വർഷം 25 ലക്ഷം രൂപയും 2009-2010 വർഷം 25 ലക്ഷം രൂപയും അനുവദിച്ചു. ഇതുമൂലം 24 ഖാദി സ്ഥാപനങ്ങൾ പുനരുദ്ധരിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

7. ഖാദി കമ്മീഷന്റെ സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരം, കൊല്ലം ജില്ലകൾക്ക് പ്രത്യേകം ഖാദി ക്ലസ്റ്റർ നടപ്പിലാക്കി. അതുപോലെ കണ്ണൂർ കാസർഗോഡ് ജില്ലകൾക്കായി അധിക

കേന്ദ്ര സഹായ ഫണ്ട് (ACA) ഇനത്തിൽ അനുവദിച്ച രണ്ട് കോടി രൂപ ഉപയോഗിച്ച് പയ്യന്നൂർ ഖാദി ക്ലസ്റ്റർ

ആരംഭിച്ചു.

8. ആദ്യമായി ഖാദി കൈതൊഴിൽകാർക്ക് ആധുനിക സൗകര്യങ്ങൾ നൽകുന്നതിന് 2009-10 വർഷം 20 ലക്ഷം രൂപ അനുവദിച്ചു. നിലത്തിരുന്ന് ചർക്ക പ്രവർത്തിപ്പിക്കുന്ന സ്ഥാനത്ത് തൊഴിലാളികൾക്ക് മേശയും സ്റ്റൂളും ഏർപ്പെടുത്തി. ഇതിലൂടെ 2009-10-ൽ 400 ഖാദി കൈത്തൊഴിൽകാർക്ക് മേശയും സ്റ്റൂളും നൽകുകയുണ്ടായി. 2010-11 വർഷം ഇക്കാര്യത്തിലേയ്ക്ക് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

9. ഖാദി വില്പനകേന്ദ്രങ്ങളും ഗോഡൗണുകളും കമ്പ്യൂട്ടവത്ക്കരിക്കുന്നതിനായി 2007-08 വർഷം 20 ലക്ഷം രൂപയും 2008-09-ൽ 50 ലക്ഷം രൂപയും 2009-2010-ൽ 50 ലക്ഷം രൂപയും അനുവദിച്ചു. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഇതിലൂടെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം ഇതിനായി 68 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

10. ഖാദി വില്പന ലക്ഷ്യമാക്കി എറണാകുളം ജില്ലയിൽ നെടുമ്പാശ്ശേരി എയർപോർട്ടിൽ ഖാദി സൗഭാഗ്യ ഷോറൂം ആരംഭിക്കുന്നതിനായി 2010-11 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

11. സർക്കാർ ജീവനക്കാർ ആഴ്ചയിൽ ഒരു ദിവസം ഖാദി/കൈത്തറി ധരിക്കണമെന്നും വിദ്യാർത്ഥികൾ സ്കൂൾ യൂണിഫോമുകൾ ഖാദി/കൈത്തറിയാക്കണമെന്നുമുള്ള സർക്കാർ അഭ്യർത്ഥനയുടെ ഫലമായി ഖാദി വിൽപ്പനയിൽ 20% വർദ്ധനവുണ്ടായി. ഇതുവഴി ഖാദി മേഖലയിൽ ഉൽപ്പാദനം വർദ്ധിക്കുകയും പുത്തൻ ഉണർവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

12. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ ഖാദിഗ്രാമ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കുന്നുണ്ട്. ഇത് പരമ്പരാഗത ഖാദി നെയ്ത്തു തൊഴിലാളികളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾ

വിറ്റഴിക്കുന്നതിനും വളരെയധികം സഹായകരമാണ്.

13. പരമ്പരാഗത ഖാദി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി പഴയ മോഡൽ ചർക്കകളും തറികളും മാറ്റി സ്ഥാപിച്ചു.

14. തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തി. നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ്" നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു.

15. ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ല തരം Rovings/ sliver വിതരണം ചെയ്യുന്നുണ്ട്.

16. പാലക്കാട് ജില്ലയിലെ ചിതലിയിൽ പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കു തൊഴിൽ ലഭ്യമാക്കുന്നതിന് സിൽക്ക് യൂണിറ്റ് സ്ഥാപിക്കുന്നതിന് വേണ്ടി 105.75 ലക്ഷം രൂപ 2009-10 വർഷം അനുവദിച്ചു (SCP Pooled fund) .

(ബി) ഖാദി വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി ഖാദി ബോർഡും സർക്കാരും എന്തെല്ലാം പദ്ധതി കളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) (1) വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10% റിബേറ്റ് അനുവദിച്ചു. റിബേറ്റ് കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർത്തു. 2006-07 വർഷം 430 ലക്ഷം രൂപയും 2007-08 വർഷം 404.75 ലക്ഷം രൂപയും 2008-09 -ൽ 500 ലക്ഷം രൂപയും 2009-10 -ൽ 550 ലക്ഷം രൂപയും റിബേറ്റിനത്തിൽ അനുവദിച്ചു. 2010-11 സാമ്പത്തിക വർഷത്തിൽ 550 ലക്ഷം ഈ ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്.

2. ഖാദി വിൽപ്പനകേന്ദ്രങ്ങളും ഗോഡൗണുകളും കമ്പ്യൂട്ടവത്ക്കരിക്കുന്നതിനായി 2007-08 വർഷം 20 ലക്ഷം രൂപയും 2008-09 വർഷം 50 ലക്ഷം രൂപയും 2009-2010 വർഷം 50 ലക്ഷം രൂപയും അനുവദിച്ചു. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഇതിലൂടെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം ഇതിനായി 68 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | 3. സർക്കാർ ജീവനക്കാർ ആഴ്ചയിൽ ഒരു ദിവസം ഖാദി/കൈത്തറി വസ്ത്രങ്ങൾ ധരിക്കണമെന്നും വിദ്യാർത്ഥികളുടെ സ്കൂൾ യൂണിഫോമുകൾ ഖാദി/കൈത്തറിയാക്കണമെന്നുമുള്ള സർക്കാർ അഭ്യർത്ഥനയുടെ ഫലമായി ഖാദി വിൽപ്പനയിൽ 20% വർദ്ധനവുണ്ടായി.<br><br>4. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ ഖാദിഗ്രാമ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കുന്നുണ്ട്.<br>5. നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ്" നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു.<br>6. ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ല തരം Rovings/sliver വിതരണം ചെയ്യുന്നുണ്ട്.<br>7. ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടെ ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആകർഷകമായ ബെഡ് ഷീറ്റുകൾ, പുതിയ തരം ഡിസൈനുള്ള സിൽക്ക് തുണിത്തരങ്ങൾ, നല്ല ഡിസൈനുകളും ഗുണമേന്മയുള്ള ഷർട്ടിംഗ് തുണികൾ തുടങ്ങിയ നെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>8. പുതുതായി ഖാദി റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. നിലവിലുള്ളതിന്റെ പ്രവർത്തനം കാര്യക്ഷമവും വിപുലവുമാക്കിയിട്ടുണ്ട്. |
| (സി) | കേന്ദ്രസർക്കാർ ഖാദി വസ്ത്രങ്ങൾക്ക് നൽകിയിരുന്ന റിബേറ്റ് ഈ വർഷം മുതൽ പിൻവലിച്ച നടപടി വസ്ത്ര വിൽപനയെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | ഉണ്ട്. ഖാദി വസ്ത്രങ്ങളുടെ വിൽപ്പനയിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഖാദി വസ്ത്രങ്ങൾക്ക് റിബേറ്റ് പുനഃസ്ഥാപിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; | (ഡി) | ഖാദി വസ്ത്രങ്ങൾക്ക് റിബേറ്റ് പുനഃസ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിൽ പല നിവേദനങ്ങളും സമർപ്പിച്ചിട്ടുണ്ട്. കേരളത്തിലെ എം.പി.മാർ മുഖേനയും സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. |
| (ഇ) | ഖാദി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഇ) | ഖാദി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന സർക്കാർ ഫ്ലാഗ്ഷിപ്പ് പദ്ധതിയിലൂടെ ധനസഹായം നൽകുന്നുണ്ട്.<br>പുനരുദ്ധാരണ ഗ്രാന്റായി 2007-08 വർഷം 50 ലക്ഷവും 2008-09 -ൽ 20 ലക്ഷവും 2009-10-ൽ 20 ലക്ഷം രൂപയും അനുവദിച്ചു. ഇതിലൂടെ 19 ഖാദിസഹകരണ സംഘങ്ങൾ പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം ഈ ഇനത്തിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 82 — 1-7-2010-ൽ മറുപടിക്ക്

## ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽപ്പെടുത്തി റെയിൽവേക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ

<u>ചോദ്യം</u>

ശ്രീ. ജോർജ് മേഴ്സിയർ.
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ.
ശ്രീ. എൻ.ശക്തൻ.

<u>ഉത്തരം</u>

ശ്രീ.എം. വിജയകുമാർ
( നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി )

| | | |
|---|---|---|
| (എ) | റെയിൽവേക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽപ്പെടുത്തി ഭൂമി ഏറ്റെടുക്കുവാനുള്ള ഗവൺമെന്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇതു വരെ ആവശ്യമായ ഭൂമിയുടെ എത്ര ശതമാനം ഏറ്റെടുക്കുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ? | (എ) യും(ബി) യും(സി) യും (ഡി) യും<br><br>പാതയിരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് റെയിൽവേ ആവശ്യപ്പെട്ടതിൽ 27 % വും പുതിയ അലൈൻമെന്റുകളുമായി ബന്ധപ്പെട്ട് 1.67 % വും ഭൂമി ഏറ്റെടുത്ത് റെയിൽവേക്ക് കൈമാറിയിട്ടുണ്ട്.<br><br>യഥാ സമയം സ്ഥലം ഏറ്റെടുത്തു നൽകുന്നില്ല എന്ന റെയിൽവേയുടെ പരാതിയെ തുടർന്ന് പാത ഇരട്ടിപ്പിക്കൽ, പുതിയ റയിൽവേ ലൈനുകൾ എന്നിവയുടെ സ്ഥലമെടുപ്പ് ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്ത്, റയിൽവേയ്ക്ക് ആവശ്യമായ മുഴുവൻ ഭൂമിയും ഏറ്റെടുത്തു കൊടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത് . ആയത് സമയ ബന്ധിത മായി പൂർത്തീകരിക്കുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. റെയിൽവേയുടെ ചാർജുള്ള മന്ത്രി മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം പീരിയോഡിക്കലായി അവലോകനം ചെയ്യുന്നുണ്ട്. |
| (ബി) | യഥാ സമയം ഭൂമി ഏറ്റെടുത്തു കൊടുക്കാത്തതിനാലാണ് പാത ഇരട്ടിപ്പിക്കലിന്റെയും, മേൽപ്പാലങ്ങളുടേയും പണി അനിശ്ചിതമായി നീളുന്നതെന്ന് റെയിൽവേ സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ? | |
| (സി) | ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ പണം ലഭ്യമാക്കിയിട്ടും സ്ഥലം ഏറ്റെടുത്തുകൊടുക്കുന്നതിൽ കാലതാമസം നേരിടുന്നതെന്തു കൊണ്ടാണ് എന്ന് വ്യക്തമാക്കാമോ? | |
| (ഡി) | സമയ ബന്ധിതമായി സ്ഥലം ഏറ്റെടുക്കുന്ന നടപടി പൂർത്തീകരിക്കാൻ അടിയന്തിര നടപടി കൈക്കൊള്ളുമോ? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: *83 1.7.2010ൽ മറുപടിക്ക്

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. സി.കെ.പി. പത്മനാഭൻ:<br>ശ്രീ. എം.കെ. പുരുഷോത്തമൻ:<br>ശ്രീ. പി.ടി.എ. റഹീം : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് തൊഴിലാളികളുടെയും ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും അഭിപ്രായം പരിഗണിക്കുന്നതിന് സർക്കാർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;<br>എങ്കിൽ വിശദാംശം നൽകുമോ; | (എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2006-ൽ എല്ലാ ട്രേഡ് യൂണിയൻ പ്രതിനിധികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ട്രേഡ് യൂണിയൻ മീറ്റ് സംഘടിപ്പിച്ചു. മീറ്റിംഗിൽ തൊഴിലാളികളുടെയും യൂണിയനുകളുടേയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സർക്കാർ സ്വീകരിക്കുകയുണ്ടായി. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനപുരോഗതി ചർച്ച ചെയ്യുന്നതിനും കൂടുതൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുംവേണ്ടി ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ട്രേഡ് യൂണിയൻ നേതാക്കളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് സമ്മേളനങ്ങൾ നടത്തുകയുണ്ടായി. ഇതു കൂടാതെ എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലും സമ്മേളനങ്ങൾ നടത്തുകയുണ്ടായി. ഇത്തരം സമ്മേളനങ്ങൾ കൂടാതെ അംഗീകരിക്കപ്പെട്ട ട്രേഡ് യൂണിയനുകളുടെ അഭിപ്രായ |

| | |
|---|---|
| | ങ്ങൾ കമ്പനിയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങ ളിലും ആരായാറുണ്ട്.<br><br>ഇതു കൂടാതെ കമ്പനികളുടെ ഡയറക്ടർ ബോർഡുകളിൽ തൊഴിലാളികളുടെ പ്രാതിനിധ്യം ഉറപ്പാക്കാനുള്ള നടപടി കൾ എടുത്തുവരുന്നു. |
| ബി) കമ്പനികളുടെ ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിന് തൊഴിലാളികളുടെ എണ്ണം കുറയ്ക്കുന്ന നയം സർക്കാർ അംഗീകരിക്കുന്നുണ്ടോ; | (ബി) ഇല്ല. |
| സി) പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണത്തി നായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) ശമ്പളപരിഷ്ക്കരണം നടപ്പാക്കുന്ന സ്ഥാപനങ്ങളിൽ നിലവിലുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) സാധാരണ സ്ഥിതിയിൽ അത്തരമൊരു നടപടി യാണ് സ്വീകരിക്കുന്നത്, എന്നാൽ ഓരോ സ്ഥാപനത്തിന്റെ സാമ്പത്തികസ്ഥിതിയും കമ്പനിയുടെ പ്രവർത്തനമികവിന്റെയും അടിസ്ഥാനത്തിലായിരിക്കും ശമ്പളപരിഷ്ക്കരണം നടപ്പിലാക്കുന്നതും നിലവിലുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതും .<br><br>[signature] 14.10<br>സെക്ഷൻ ഓഫീസർ |

( [illegible] )

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 84 — 01-07-2010-ൽ മറുപടിയ്ക്ക്

ദേശീയ ഗെയിംസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജോസഫ് എം. പുതുശ്ശേരി:<br>ശ്രീ.തോമസ് ചാഴികാടൻ:<br>ശ്രീ.റോഷി അഗസ്റ്റിൻ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നടക്കാനിരിക്കുന്ന ദേശീയ ഗെയിംസിനുള്ള മുന്നൊരുക്കങ്ങൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ ; | (എ) കേരളത്തിൽ വച്ചു നടത്തുന്ന ദേശീയ ഗെയിംസിന്റെ തീയതി ഇതുവരെ നിശ്ചയിച്ചിട്ടില്ല. എന്നിരുന്നാലും ഗെയിംസ് നടത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ''നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ്'' രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അടിസ്ഥാന വികസനത്തിന്റെ ഭാഗമായി നിലവിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണം, പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി സംസ്ഥാനത്തെ 7 ജില്ലകളിലെ 18 സ്ഥലങ്ങളിലായി 33 പ്രവൃത്തികൾക്ക് വിശദമായ രൂപരേഖയുടെ അടിസ്ഥാനത്തിൽ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 7 പ്രവൃത്തികളുടെ ദർഘാസ് നടപടി ക്രമങ്ങൾ പൂർത്തീകരിക്കുകയും പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന പ്രവൃത്തികളുടെ ദർഘാസ് വിവിധ ഘട്ടങ്ങളിലാണ്. |

കൂടാതെ, പുതിയ ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെയും ഗെയിംസ് വില്ലേജിന്റെയും നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി രൂപരേഖ തയ്യാറായി വരുന്നു.

| | |
|---|---|
| (ബി) ദേശീയ ഗെയിംസിനുള്ള മുഖ്യ വേദികൾ ഏതൊക്കെയെന്നു വ്യക്തമാക്കുമോ; ഏതൊക്കെ ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) 35-ാമത് ദേശീയ ഗെയിംസിന്റെ വേദികളും ഇനങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) പ്രസ്തുത ഗെയിംസിനായി എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; | (സി) 35-ാമത് ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി 400 കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു. |
| (ഡി) കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ വിഹിതമെത്ര; | (ഡി) കേന്ദ്ര വിഹിതമായി 220 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 110 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക ബഡ്ജറ്റ് വിഹിതമായി സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്. |
| (ഇ) ദേശീയ ഗെയിംസ് നീണ്ടുപോകുന്നതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ ? | (ഇ) 35-ാമത് ദേശീയ ഗെയിംസിന്റെ തീയതി നിശ്ചയിക്കേണ്ടത് ഇൻഡ്യൻ ഒളിമ്പിക് അസോസിയേഷനാണ്. |

സെക്ഷൻ ഓഫീസർ.

# LIST OF VENUES OF 35TH NATIONAL GAMES.

## Thiruvananthapuram

- Opening and closing ceremony – University Stadium
- Athletics – University Stadium
  – CSN Stadium ( Warm Up Ground)
- Aquatics- Swimming - Water Works Swimming Pool
  Water Polo Pirappancode Swimming Pool
- Cycling – LNCPE, Kariyavattom
- Gymnastics – Jimmy George Indoor Stadium
- Kho-Kho & Kabaddi - Sreepadam Stadium, Attingal
- Taekwondo & Netball – Agricultural College Indoor Stadium
- Tennis - Trivandrum Tennis Club
- Cycle Polo & Squash - CSN Stadium
- Wushu – IRC Shangumugham
- Triathlon Kovalam – Byepass
- Handball Jimmy George Indoor stadium
- Beach Handball Shankumugham
- Kalarippait (Demo) - CSN Stadium
- Shooting - Vattiyoorkkavu Polytechnic Ground

## Kollam

- Hockey Men & Women - Proposed Stadium
- Rugby 7s - Kollam Corporation Stadium

## Alappuzha

- Canoeing/Kayaking - Punnamada lake
- Rowing - Punnamada lake
- Boat Race – demo - Punnamada lake

S.D

Kochi

- Archery - Jawaharlal Nehru Stadium
- Badminton - Rajiv Gandhi Indoor Stadium
- Fencing, Karate. - St. Peter's College Indoor Stadium, Kolenchery / RSC Center
- Lawn bowls - Jawaharlal Nehru Stadium
- Yachting - Munambum, Kochi
- Table Tennis - Rajiv Gandhi Indoor Stadium

Thrissur

- Judo - Indoor Stadium, Thrissur
- Weightlifting - "
- Boxing M&W - Lulu Centre
- Football (Women) - Corporation Stadium, Thrissur
-

Kozhikode

- Football - Corporation Stadium & Medical College
- Volleyball M &W - V.K.K. Menon Indoor Stadium
- Beach Volleyball - Kozhikode Beach
- Sepak Takraw - V.K.K. Menon Indoor Stadium, Kozhikode

Kannur

- Basketball M & W - Indoor Stadium, ~~Kakkad~~ Mundayad
- Wrestling - Indoor Stadium, ~~Kakkad~~ "

50

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 85 — 1.7.2010 -ൽ മറുപടിക്ക്

## പകർച്ചപ്പനി പടരുവാനുള്ള കാരണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എം.മാണി | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വിവിധതരം പകർച്ചപ്പനികൾ ഡോക്ടർമാരുടെ കൂട്ടസ്ഥലംമാറ്റംമൂലം നിയന്ത്രിക്കാൻ സാധിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഡോക്ടർമാരുടെ സ്ഥലംമാറ്റം പകർച്ചപ്പനി നിയന്ത്രണ പ്രവർത്തനങ്ങളെ ബാധിച്ചിട്ടില്ല. |
| (ബി) ഇല്ലെങ്കിൽ പകർച്ചപ്പനി നിയന്ത്രിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) പകർച്ചപ്പനി പ്രതിരോധിക്കുവാനും നിയന്ത്രിക്കുവാനും ഫലപ്രദമായ കർമ്മ പദ്ധതികൾ 2010 ഫെബ്രുവരിമാസം മുതൽതന്നെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഡെങ്കിപ്പനി, ചിക്കുൻഗുനിയ, എലിപ്പനി, മലമ്പനി എന്നീ നാല് രോഗങ്ങളെ തടയുവാൻ വേണ്ടി ഫോർ പ്ലസ് കാംപയിൻ എന്ന പ്രത്യേക കർമ്മ പദ്ധതി നടപ്പിലാക്കുകയും ജില്ലാ- ബ്ലോക്ക്- പഞ്ചായത്ത്-വാർഡ്തലത്തിൽ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുകയും ചെയ്തു വരുന്നു. ഈ പ്രവർത്തനങ്ങളുടെ ഫലമായി പകർച്ചപ്പനി നിയന്ത്രണ വിധേയമാക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (സി) ഈ വർഷം ഇതുവരെ പകർച്ചപ്പനി മൂലം എത്രപേർ ചികിത്സയ്ക്കായി വിവിധ ആശുപത്രികളിൽ എത്തിയെന്ന് വ്യക്തമാക്കുമോ; | (സി) വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) അവർക്ക് ഏതെല്ലാം തരത്തിലുള്ള പകർച്ചപ്പനി ബാധിച്ചതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്; | (ഡി) സംസ്ഥാനത്ത് ചിക്കുൻ ഗുനിയ, ഡെങ്കിപ്പനി, എലിപ്പനി, ചിക്കൻ പോക്സ്, ഹെപ്പറ്റൈറ്റിസ് (എ,ബി), അഞ്ചാം പനി, മലമ്പനി, എച്ച്1 എൻ1 എന്നീ വിഭാഗങ്ങളിലുള്ള കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (ഇ) അവ പടരുവാനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; | (ഇ) കാലാവസ്ഥാ വ്യതിയാനം, പരിസര മലിനീകരണം എന്നിവ പകർച്ചവ്യാധികൾ വേഗത്തിൽ പടർന്നുപിടിക്കുവാൻ കാരണമാകുന്നുണ്ട്. മഴക്കാലത്ത് വൈറസുകൾ കൂടുതൽ വളരാൻ അനുകൂലമായ സാഹചര്യമുള്ളതിനാൽ വൈറൽ പനികൾ കൂടുതലായി ഉണ്ടാകാറുണ്ട്. മഴക്കാലം കൊതുകുകളുടെ വളർച്ചയ്ക്ക് അനുകൂലമായതിനാൽ കൊതുകുജന്യ രോഗങ്ങൾ കൂടുതലായി കാണുന്നു. എച്ച്1 എൻ1 പനി വായുവിലൂടെയാണ് പ്രധാനമായും പകരുന്നത്. ഡെങ്കിപ്പനി, ചിക്കുൻഗുനിയ, മലമ്പനി മുതലായ രോഗങ്ങൾ കൊതുകിലൂടെ പകരുന്നു. എലിപ്പനി, എലിമൂത്രത്താൽ മലിനമാകപ്പെട്ട ജലത്തിലൂടെയും ചിക്കൻ പോക്സ്, അഞ്ചാം പനി എന്നിവ വായുവിലൂടെയും പകരുന്നു. ഹെപ്പറ്റൈറ്റിസ് എ വെള്ളത്തിലൂടെയും ഹെപ്പറ്റൈറ്റിസ് ബി രക്തത്തിലൂടെയുമാണ് പകരുന്നത്. |
| (എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ? | (എഫ്) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 86

01.07.2010-ൽ മറുപടിയ്ക്ക്

**ആയുർവ്വേദ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ**

| ചോദ്യം<br>ശ്രീ.വി.ശശികുമാർ<br>ശ്രീ.എം.ജെ. ജേക്കബ്<br>പ്രൊഫ. സി രവീന്ദ്രനാഥ്<br>ശ്രീ. ആർ. സെൽവരാജ് | മറുപടി<br>ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
|---|---|
| എ) ആയുർവ്വേദ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | എ) ആയുർവ്വേദ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ആശുപത്രികളിലെ രോഗികൾക്ക് ആവശ്യമായ മരുന്ന് ലഭ്യമാക്കുന്നതിനായി 2009-10 സാമ്പത്തിക വർഷം 5,31,79.532/- രൂപ വിനിയോഗിച്ച് മരുന്ന് ലഭ്യമാക്കുകയും പകർച്ചവ്യാധി തടയുന്നതിന് 115 ലക്ഷം രൂപയ്ക്കുളള മരുന്ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2009-10 സാമ്പത്തിക വർഷം 5 ജില്ലാ ആയുർവേദ സ്ഥാപനങ്ങളിൽ എക്സ്‌റേ യൂണിറ്റ് സ്ഥാപിക്കുകയും, ഒൻപത് ആയുർവേദ ആശുപത്രികളിൽ ലബോറട്ടറി സൗകര്യവും, നാല് ജില്ലാ ആയുർവേദ ആശുപത്രികളിൽ പഞ്ചകർമ്മ സൗകര്യവും, നാല് ജില്ലാ ആയുർവേദ ആശുപത്രികളിൽ ജനറേറ്റർ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പകർച്ചവ്യാധി തടയുന്നതിന്റെ ഭാഗമായി മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ളാസുകളും നടത്തുന്നുണ്ട്. |

| | |
|---|---|
| ബി) ആയുർവ്വേദ ആശുപത്രികൾ നവീകരിക്കുന്നതിനും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | ബി) 2009-10 സാമ്പത്തിക വർഷം 5 ജില്ലാ ആയുർവേദ സ്ഥാപനങ്ങളിൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കുകയും, ഒൻപത് ആയുർവേദ ആശുപത്രികളിൽ ലബോറട്ടറി സൗകര്യവും, നാല് ജില്ലാ ആയുർവേദ ആശുപത്രികളിൽ പഞ്ചകർമ്മ ചികിത്സാ സൗകര്യവും, നാല് ജില്ലാ ആയുർവേദ ആശുപത്രികളിൽ ജനറേറ്റർ സൗകര്യവും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷം വർക്കല പ്രകൃതി ചികിത്സാ ആശുപത്രിക്ക് 100 ലക്ഷം രൂപയും കോട്ടയ്ക്കൽ മാനസിക രോഗാശുപത്രിക്ക് 40 ലക്ഷം രൂപയും ലഭ്യമായിട്ടുണ്ട്. കൂടാതെ 2009-10, 2010-11 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 1790 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കണ്ണൂർ, തൃപ്പൂണിത്തുറ എന്നീ ആയുർവേദ കോളേജുകളിൽ ബെഡ്ഡുകളുടെ എണ്ണം യഥാക്രമം 100-ൽ നിന്ന് 150 ആയും, 139-ൽ നിന്ന് 469 ആയി വർദ്ധിപ്പിക്കുകയും, തിരുവനന്തപുരം പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയിലെ പുതിയ കെട്ടിടത്തിന്റെ പണികൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു. പൂജപ്പുര ആയുർവേദ കോളേജിൽ ഫിസിയോതെറാപ്പി യൂണിറ്റ് പുതുതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ ആയുർവേദ കോളേജിൽ പുതിയ ഒ.പി. ബ്ളോക്കിന്റേയും, പേ വാർഡിന്റേയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് |
| സി) ആയുർവ്വേദ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കോളേജുകളിൽ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; | സി) ആയുർവേദ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ പി.ജി.കോഴ്സുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| ഡി) ആയുർവ്വേദ കോളേജുകളിൽ പഠിപ്പിക്കുന്നതിന് യോഗ്യതയുള്ള അദ്ധ്യാപകരുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ | ഡി) ഇല്ല. ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ കോളേജ് ആശുപത്രികളിലെ ഡോക്ടർമാരുടെ എൻട്രി കേഡറിലുള്ള ഒഴിവുകൾ എല്ലാം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഡി.പി.സി. കൂടി യഥാസമയം പ്രൊമോഷൻ നടത്തി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയതിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ

\\

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 87

01.07.2010-ൽ മറുപടിക്ക്.

## സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ :<br>ശ്രീ. എ.എം. ആരിഫ് :<br>ശ്രീ. കെ.കെ. ദിവാകരൻ :<br>ശ്രീമതി. ജെ. അരുന്ധതി : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമ--മാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) വ്യവസായ വികസനത്തിനുള്ള സർക്കാരിന്റെ മുഖ്യ ഏജൻസിയാണ് കെ.എസ്.ഐ.ഡി.സി . 2010-11 വർഷത്തിലെ ബഡ്ജറ്റിൽ വ്യവസായ വായ്പ പദ്ധതി വിപുലീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്ക്, കൊല്ലത്ത് ടൈറ്റാനിയം സ്പോഞ്ച് പ്രോജക്ട്, ചീമേനിയിൽ താപവൈദ്യുത നിലയം, കിനാലൂരിൽ ഫുട്ട് വെയർ പാർക്ക്, സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പ്രോജക്ട്, ഫാക്ട് കോമ്പൗണ്ടിൽ അന്തർദേശീയ കൺവെൻഷൻ സെന്റർ എന്നീ പ്രോജക്ടുകൾക്കുവേണ്ടിയുംമറ്റും ബഡ്ജറ്റിൽ 55 കോടി രൂപ നീക്കി വെച്ചിട്ടുണ്ട്. വിദേശ മലയാളികളുടെ നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി സ്ഥാപിച്ച സംയുക്ത സംരംഭമായ ഇൻകെൽ-ന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി ഓഹരിമൂലധനം നിക്ഷേപിക്കാൻ നിർദ്ദേശം നൽകി. 1995-ൽ ഏറ്റെടുത്ത വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലെ ഭൂമി, വ്യവസായങ്ങൾക്ക് അനുയോജ്യമാക്കി മുന്തിയ പരിഗണന നൽകാൻ ഗവൺമെന്റ് നിർദ്ദേശിച്ചു. കെ.എസ്.ഐ.ഡി.സി കൂടുതൽ വൻകിട പദ്ധതികൾ ഏറ്റെടുക്കുവാൻ നിഷ്കർഷിച്ചു. പശ്ചാത്തല സൗകര്യ വികസനത്തിനും അടിസ്ഥാന സൗകര്യവികസനത്തിനും പദ്ധതികൾ ആവിഷ്ക്കരിക്കാൻ നടപടിയെടുത്തു. |

(തുടർച്ച....2)

| | |
|---|---|
| (ബി) ഏതെല്ലാം മേഖലകളിലെ വ്യാവസായിക സംരംഭങ്ങൾക്കാണ് കോർപ്പറേഷൻ മുൻഗണന നൽകുന്നത് ; | (ബി) കെ.എസ്.ഐ.ഡി.സി മുൻഗണന നൽകുന്ന മേഖലകൾ ചുവടെ ചേർക്കുന്നു<br>1) ആരോഗ്യം<br>2) ടൂറിസം<br>3) വിവരസാങ്കേതിക വിദ്യ<br>4) ലൈറ്റ് എൻജിനിയറിംഗ്<br>5) ഭക്ഷ്യസംസ്കരണം<br>6) ബയോടെക്നോളജി<br>7) ലോജിസ്റ്റിക്സ്<br>8) പശ്ചാത്തല സൗകര്യം<br>9) ഇൻഫോടെയിൻമെന്റ്<br>10) നോളജ് സെന്റർ.<br>11) റീട്ടെയിലിംഗ് സെക്ടർ<br>12) ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് |
| (സി) സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കോർപ്പറേഷൻ നൽകുന്ന ആനുകൂല്യങ്ങളും പ്രോത്സാഹനങ്ങളും എന്തെല്ലാമാണ് ; | (സി) 1) വ്യവസായങ്ങൾ തുടങ്ങാനായി ബാങ്ക് പലിശ നിരക്കുകളേക്കാൾ കുറഞ്ഞ നിരക്കിൽ വായ്പ സൗകര്യം.<br>2) പലിശ നിരക്ക് ക്രെഡിറ്റ് റേറ്റിംഗ്-ന് അനുസൃതമാക്കി.<br>3) ടെലിസ്കോപിക് പലിശ നിരക്ക് നടപ്പിലാക്കിയതുവഴി പ്രാഥമിക ഘട്ടങ്ങളിൽ കുറഞ്ഞ നിരക്കിലുള്ള പലിശ ലഭ്യമാക്കി. |
| (ഡി) പുതുതായി രജിസ്റ്റർ ചെയ്യുന്ന കമ്പനികളുടെ എണ്ണത്തിൽ ഈ സർക്കാർ വന്നശേഷം എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന 18.05.2006 മുതൽ നാളിതു വരെ 6789 കമ്പനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് അവയുടെ അംഗീകൃത മൂലധനം 34,63,31,41,000/- രൂപയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * **88:** **01/07/2010-ൽ** മറുപടിക്ക്

കേരളത്തിന്റെ വ്യാവസായിക വളർച്ച

ചോദ്യം

ശ്രീ. കെ. പി. മോഹനൻ

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. എം. കെ. പ്രേംനാഥ്

ഉത്തരം

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിന്റെ വ്യവസായിക വളർച്ചയ്ക്കായി ഈ സർക്കാർ കൈക്കൊണ്ട നയപരമായ പ്രധാന തീരുമാനങ്ങൾ വ്യക്തമാക്കുമോ; | (എ) | ദ്രുതഗതിയിലുള്ള വ്യവസായ വൽക്കരണത്തിലൂടെയും പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ സാമൂഹ്യ ലക്ഷ്യങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് വാണിജ്യ രംഗത്ത് കുതിച്ചു ചാട്ടം നടത്തിയും ഉയർന്ന സ്ഥായിയായ സാമ്പത്തിക പുരോഗതി നേടുക, ന്യായമായ വേതനം ഉറപ്പു നൽകിക്കൊണ്ട് വൻതോതിൽ തൊഴിലവസരം സൃഷ്ടിക്കുക, കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുക എന്നീ കാഴ്ചപ്പാടുകൾക്ക് ഊന്നൽ നൽകിക്കൊണ്ട് ചുവടെച്ചേർക്കുന്ന നയപരമായ തീരുമാനങ്ങളാണ് വ്യവസായ വളർച്ചയ്ക്കായി സർക്കാർ കൈക്കൊണ്ടിട്ടുള്ളത്.<br>1. ഉൽപ്പാദനം, കാർഷികോൽപ്പന്ന സംസ്കരണം, ആരോഗ്യ സേവനം, വിജ്ഞാനാധിഷ്ഠിത |

| | | | |
|---|---|---|---|
| | | | വ്യവസായ സേവന മേഖലകൾ എന്നിവയിൽ കേരളത്തെ ഏറ്റവും പ്രധാന ലക്ഷ്യ സംസ്ഥാനമാക്കി മാറ്റുക.<br>2. സാങ്കേതിക വികാസം, വൈവിധ്യവൽക്കരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരണം എന്നിവയിലൂടെ സംസ്ഥാനതല പൊതുമേഖലാ സംരംഭങ്ങൾ ശക്തമാക്കുക.<br>3. ആധുനികവൽക്കരണം, മൂല്യവർധനവ്, വൈദഗ്ധ്യ വികസനം എന്നിവയിലൂടെ പരമ്പരാഗത വ്യവസായങ്ങൾ മൽസരയോഗ്യമാക്കുക.<br>4. വൻവ്യവസായങ്ങൾക്ക് സഹായകരമായി പ്രവർത്തിക്കുന്നവ എന്ന തരത്തിലും ഒപ്പം തന്നെ സ്വയംപര്യാപ്തമായ സ്ഥാപനങ്ങൾ എന്ന നിലയിലും എം എസ് എം ഇ കളെ സഹായിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുക. സംസ്ഥാനത്തെ ഏറ്റവും പ്രമുഖ തൊഴിൽദാതാവെന്ന പരിഗണന എം എസ് എം ഇ കൾക്ക് നൽകുക.<br>5. പരിസ്ഥിതി |

| | | | |
|---|---|---|---|
| | | | സംരക്ഷിച്ചുകൊണ്ടും പൊതുമേഖലയിൽ മാത്രമായി ധാതു മണൽഖനനം പരിമിതപ്പെടുത്തിക്കൊണ്ടും സംസ്ഥാനത്തെ സമ്പന്നവും സമ്പുഷ്ടവുമായ ധാതുമണൽ പ്രയോജനപ്പെടുത്തുക.<br>6. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, വിഴിഞ്ഞം ആഴക്കടൽ തുറമുഖം, പെട്രോനെറ്റ് എൽഎൻജി ടെർമിനൽ മുതലായ വൻകിട പദ്ധതികൾ പൂർത്തിയാകുന്നതോടെ തുറന്നു കിട്ടുന്ന വ്യാവസായിക-വാണിജ്യ സാധ്യതകളെ സ്വരുമിപ്പിച്ച് പ്രായോഗതലത്തിലെത്തിക്കുവാൻ സംസ്ഥാനത്തെ പ്രാപ്തമാക്കുക.<br>7. വ്യവസായ-വാണിജ്യ സേവനമേഖലകളിൽ വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.<br>8. പരസ്പരം പ്രയോജനപ്പെടുന്ന വ്യവസ്ഥകളോടെ വൻനിക്ഷേപം ആകർഷിക്കുക.<br>9. ബയോടെക്നോളജിയുടെ അപാരമായ വ്യവസായ സാധ്യത ഉപയോഗപ്പെടുത്തുക.<br>10. സേവന മേഖലയിലെ വളർച്ച ത്വരിതപ്പെടുത്തിക്കൊണ്ട് |

| | | | |
|---|---|---|---|
| | | | കേരളത്തെ പ്രമുഖ വാണിജ്യ കേന്ദ്രമാക്കുക<br>11. ഏറ്റവും നവീനമായ വിദ്യാഭ്യാസം, തൊഴിൽ വൈദഗദ്ധ്യം എന്നിവയിലൂടെ കേരളത്തെ ആഗോളതലത്തിൽ ശ്രദ്ധാകേന്ദ്രമാക്കി മാറ്റുകയും അതിനായി ബഹുമുഖമായ സാങ്കേതിക പരിജ്ഞാനമുള്ള വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സഹായം ഉറപ്പുവരുത്തുകയും ചെയ്യുക.<br>12. ഇലക്ട്രോണിക്സ് രംഗത്തും അനുബന്ധ മേഖലകളിലുമുള്ള വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുവാനും ശക്തമാക്കുവാനും സഹായകമായ രീതിയിൽ ഇലക്ട്രോണിക് ഹബ് സ്ഥാപിക്കുക.<br>13. തെരഞ്ഞെടുക്കപ്പെട്ട മേഖലകളിലും സാധ്യതാ പ്രദേശങ്ങളിലും വ്യവസായ ഇടനാഴികൾ സ്ഥാപിക്കുകയും ക്ലസ്റ്റർ വികസനം പ്രോൽസാഹിപ്പിക്കുകയും ക്ലസ്റ്ററിന്റെയോ ഇടനാഴിയുടേയോ പരിധിയിൽ പെടാത്ത വിഭാഗങ്ങൾക്ക് പ്രയോജനം നിഷേധിക്കപ്പെടില്ലെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.<br>14. കേന്ദ്ര പദ്ധതികൾ |

| | | | |
|---|---|---|---|
| | | | സമയാസമയങ്ങളിൽ നടപ്പിലാക്കുവാനും അവയ്ക്ക് ശരിയായ രീതിയിൽ മേൽനോട്ടം വഹിക്കുവാനും സംസ്ഥാനത്തിന്റെ വ്യവസായ വാണിജ്യ വികസനത്തിന് ആവശ്യമായ രീതിയിൽ കേന്ദ്ര വിഹിതം പരമാവധി നേടിയെടുക്കുന്നതിനും പ്രത്യേക സംവിധാനം രൂപപ്പെടുത്തുക.<br>15. വ്യവസായ മാനേജുമെന്റിൽ തൊഴിലാളി പങ്കാളിത്തം ഉറപ്പു വരുത്തുക<br>16. പുതിയ പദ്ധതികളുടെ നിർമ്മാണ പ്രവൃത്തി മൂന്നു ഷിഫ്റ്റുകളിൽ 24 മണിക്കൂറും മുടങ്ങാതെ നടക്കുന്നതിന് സംവിധാനമുണ്ടാക്കുക. അതുവഴി പദ്ധതികളുടെ പൂർത്തീകരണം അതിവേഗത്തിലാക്കുക.<br>17. പുതിയ പദ്ധതികളുടെ നിർമ്മാണ പ്രവൃത്തി തൊഴിൽ തർക്കം മൂലം തടസ്സപ്പെടുന്നതും വൈകുന്നതും ഒഴിവാക്കാൻ വ്യവസായ ബന്ധസമിതികൾ രൂപീകരിക്കുക |
| (ബി) | സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ലക്ഷ്യമാക്കി മുൻഗണന നൽകിയ വ്യാവസായിക | (ബി) | 1. ഇൻഫർമേഷൻ ടെക്നോളജി<br>2. ബയോടെക്നോളജി<br>3. നാനോ ടെക്നോളജി<br>4. ഇലക്ട്രോണിക്സ് |

| | | | |
|---|---|---|---|
| | മേഖലകളുടെ വിശദാംശം ലഭ്യമാക്കുമോ; | | 5. എഞ്ചിനീയറിംഗ്<br>6. ടെക്സ്റ്റൈൽസ്<br>7. ഗാർമെന്റ്സ്<br>8. ഫുഡ് പ്രോസസിംഗ് |
| (സി) | കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കുന്ന കാര്യത്തിലെ പുരോഗതി വ്യക്തമാക്കുമോ? | | കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി തീർക്കാനും വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനുമായി കെ.എസ്.ഐ.ഡി.സി, കിൻഫ്ര, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് എന്നിവയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തിനകത്തും പുറത്തും നിക്ഷേപ സംഗമങ്ങൾ നടത്തുകയുണ്ടായി. സംസ്ഥാനത്ത് വ്യവസായ വികസനത്തിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലേക്കായി ഇൻഫ്രാസ്ട്രക്ചേഴ്സ് കേരള ലിമിറ്റഡ് (ഇൻകൽ) എന്ന കമ്പനി രൂപീകരിച്ചു. കൂടാതെ, സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ അന്തരീക്ഷം മറുനാടുകളിലെത്തിക്കുന്നതിനും വിദേശ മലയാളികളെ സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിന് ആകർഷിക്കുന്നതിനുമായി ബഹു. വ്യവസായ വകുപ്പു മന്ത്രിയും വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരും വിദേശ രാജ്യങ്ങൾ |

| | | | |
|---|---|---|---|
| | | | സന്ദർശിക്കുകയും അവിടുത്തെ വ്യവസായ പ്രമുഖരുമായി ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന തലത്തിൽ പ്രാദേശിക വ്യവസായ വായ്പാ നിക്ഷേപ സംഗമങ്ങൾ, ഇൻവെസ്റ്റ്മെന്റ് ഇൻസ്റ്റിറ്റ്യൂഷണൽ മീറ്റ് എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ വ്യവസായ നയത്തിന്റെ ഫലമായി 31/03/2010 വരെ ചെറുകിട വ്യവസായ മേഖലയിൽ 25908 പുതിയ വ്യവസായങ്ങളും അതിലൂടെ 2232.69 കോടി രൂപയുടെ നിക്ഷേപവും 164335 പേർക്ക് തൊഴിലും ലഭിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ മേൽ നോട്ടത്തിൽ സംഘടിപ്പിച്ച നിക്ഷേപക സംഗമത്തിൽ 22 സംരംഭകർ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. കിൻഫ്ര നടത്തിയ ഇൻവെസ്റ്റർ മീറ്റിന്റെ ഫലമായി കാസർഗോഡ് പാർക്കിലും, കൊരട്ടി പാർക്കിലും വ്യവസായ നിക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. ധാരണാ പത്രം ഒപ്പു വച്ച മറ്റുള്ളവ നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടത്തിലുമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 89 | | 01.07.2010 -ൽ മറുപടിയ്ക്ക് |
|---|---|---|
| വനിതാ ഗൃഹനാഥകളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീമതി. ഇ.എസ്. ബിജി മോൾ<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീ.കെ. അജിത് | | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതാ ഗൃഹനാഥകളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; | എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതാ ഗൃഹനാഥകളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതിക്ക് സ.ഉ.(സാധാ) നം.4/2010/സാക്ഷേവ തീയതി 4.01.2010 പ്രകാരം സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം തലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ധനസഹായം നൽകുന്നത്; എത്ര തുക വീതം എന്ന് വ്യക്തമാക്കുമോ? | ബി) ധനസഹായത്തിന് അർഹതയുള്ള എസ്.എസ്.എൽ.സി. മുതൽ പ്ലസ് ടു വരെ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 250/- രൂപാ വീതം 10 മാസത്തേയ്ക്ക് 2500/- രൂപയും, ഡിഗ്രി മുതൽ തുടർ വിദ്യാഭ്യാസം നടത്തുന്നവർക്ക് പ്രതിമാസം 500/- രൂപ വീതം 10 മാസത്തേയ്ക്ക് 5000/- രൂപയും വിദ്യാഭ്യാസധനസഹായം നൽകി വരുന്നു. |

| | | |
|---|---|---|
| (സി) | ഈ സഹായം ലഭ്യമാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | സി) ഉണ്ട്.<br>1. അപേക്ഷക ഗൃഹനാഥയായിരിക്കണം.<br>2. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള (ബി.പി.എൽ) വനിതകൾ ഗൃഹനാഥകളായുള്ള കുടുംബങ്ങളിലെ കുട്ടികളായിരിക്കണം.<br>3. ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള വിഭാഗത്തിൽ (എ.പി.എൽ) എച്ച്.ഐ.വി/എയ്ഡ്സ് ബാധിതർ, സാമൂഹികമായി വിവേചനം അനുഭവിക്കുന്നവർ, യുദ്ധത്തിൽ മരിച്ച ജവാന്റെ വിധവകൾ തുടങ്ങിയ കുടുംബങ്ങളിലെ കുട്ടികൾക്കും ഈ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.<br>4. ഒരു കുടുംബത്തിൽ പരമാവധി 2 കുട്ടികൾക്കു വരെ പ്രസ്തുത ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.<br>5. സംസ്ഥാന - കേന്ദ്ര സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള സ്കോളർഷിപ്പ് ലഭിക്കുന്നവർക്ക് ഈ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.<br>6. കഴിഞ്ഞ വർഷം ധനസഹായം ലഭിച്ചവർക്ക് അർഹതയുണ്ടെങ്കിൽ തുടർന്നും ധനസഹായം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.90 | 01-07-2010 - ൽ മറുപടിയ്ക്ക് |

## സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.കെ. ലതിക:<br>ശ്രീ. എ.എം. യൂസഫ് :<br>ശ്രീ വി. ശിവൻകുട്ടി :<br>ശ്രീമതി പി. അയിഷാപോറ്റി : | ശ്രീമതി പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിലെ ഡോക്ടർ, നഴ്സ് തുടങ്ങിയ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) & (ബി) | സർക്കാർ ആശുപത്രികളിൽ 1961 ലെ സ്റ്റാഫ് പാറ്റേണാണ് നിലവിലുള്ളത്. എന്നാൽ സ്പെഷ്യാലിറ്റി, അഡ്മിനിസ്ട്രേറ്റീവ് കേഡർ നടപ്പാക്കുന്നതിന്റെ ഭാഗമായി 100 കിടക്കകൾക്ക് മുകളിലുള്ള ആശുപത്രികളിലെ ഡോക്ടർമാരുടെ പാറ്റേൺ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആശുപത്രികളിൽ 1961 ലെ സ്റ്റാഫ് പാറ്റേണാണ് നിലവിലുള്ളതെങ്കിലും ഭൂരിപക്ഷം ആശുപത്രികളിലും ആവശ്യകതയുടെ അടിസ്ഥാനത്തിൽ അധിക ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. |
| (ബി) | നിലവിലുള്ള സ്റ്റാഫ് പാറ്റേൺ രോഗികൾക്ക് ആവശ്യമായ ചികിത്സ ലഭിക്കുന്നതിന് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ; | | |
| (സി) | ആശുപത്രി ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | നിലവിലുള്ള സ്റ്റാഫ്പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് എല്ലാ ആശുപത്രികളിലും ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ ; | (ഡി) | നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് എല്ലാ ആശുപത്രികളിലും ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. പ്രമോഷൻ വഴിയുണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്തെ ആശുപത്രികളിൽ ഒഴിവുള്ള തസ്തികകളിൽ അടിയന്തിരമായി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ? | (ഇ) | ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തും പ്രമോഷൻ നടപടികൾ ത്വരിതപ്പെടുത്തിയും സംസ്ഥാനത്തെ ആശുപത്രികളിൽ ഒഴിവുള്ള തസ്തികകളിൽ അതാത് സമയം നിയമനം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.